## ലോഗോസ് പഠനസഹായി – 2019

# നിയമാവർത്തനം 12–21

ഈ ഗ്രന്ഥത്തിലെ ആദ്യവാക്കായ ''ദെവാറിം'' (വാക്കുകൾ) എന്ന നാമമാണു ഗ്രന്ഥത്തിന്റെ തലക്കെട്ടായി ഹെബ്രായ ബൈബിളിൽ ഉപയോഗിക്കുന്നത്. ഗ്രീക്കു ബൈബിളിലെ ''ദെവുത്തെറോണോമിയോൺ'' (Deuteronomion) എന്ന വാക്കാണ് നിയമാവർത്തനം എന്നു ഭാഷാന്തരം ചെയ്യുന്നത്. രണ്ടാമത്തെ നിയമം അല്ലെങ്കിൽ നിയമത്തിന്റെ ആവർത്തനം എന്നാണിതിന്റെ അർത്ഥം. ഉൽപത്തിമുതൽ സംഖ്യവരെയുള്ള നാലു ഗ്രന്ഥങ്ങളിൽ നല്കപ്പെട്ടിരിക്കുന്ന നിയമങ്ങളുടെ പരിഷ്കരിച്ച ഒരു പതിപ്പാണു നിയമാവർത്തന ഗ്രന്ഥത്തിൽ കാണുന്നത്. പ്രഥമദൃഷ്ട്യാ ആവർത്തനമായി കാണപ്പെടുന്നുണ്ടെങ്കിലും (1:3) സീനായ് ഉടമ്പടിയിൽനിന്നും വ്യത്യസ്തമായ ഒരുടമ്പടിയാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

യാക്കോബിന്റെ മക്കൾ 430 വർഷക്കാലം ഈജിപ്തിൽ അടിമത്തത്തിലായിരുന്നു (പുറ 12:40). ദൈവം അവരെ അടിമത്തത്തിൽനിന്നു മോചിക്കുകയും രണ്ടു മാസം കൊണ്ട് സീനായ്മലയുടെ അടിവാരത്തിലെത്തിക്കുകയും ചെയ്തു. അവിടെവച്ച് ദൈവം ജനവുമായി ഉടമ്പടി ചെയ്തു. തുടർന്നു ദൈവം വിശുദ്ധ കൂടാരത്തിൽ അവരോടൊത്തു വാസമുറപ്പിച്ചു. സീനായ് മലയിൽവച്ചു ദൈവം മോശയ്ക്കു പത്തു പ്രമാണങ്ങളും സാക്ഷ്യകൂടാരം നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളും മറ്റു നിയമങ്ങളും നല്കിയിരുന്നു (പുറ 20-35). കൂടാരം പ്രതിഷ്ഠിച്ചതിനുശേഷം ആ കൂടാരത്തിൽവച്ചു പലപ്പോഴും ദൈവം മോശയുമായി സംസാരിക്കുകയും ഇസ്രായേൽ പാലിക്കേണ്ട മറ്റു നിയമങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു (പുറ 40 - സംഖ്യ 36).

നാല്പതു വർഷക്കാലത്തെ മരുഭൂമി ദേശാടനത്തിനുശേഷം അവർ വാഗ്ദത്തദേശത്തിന്റെ കിഴക്കെ അതിർത്തിയായ യോർദ്ദാൻ നദിക്കരയിലെ മൊവാബു സമതലത്തിലെത്തി. അവിടെവച്ച് അവർ നദികടന്നു കാനാൻ ദേശത്തേയ്ക്കു പ്രവേശിക്കാൻ തയ്യാറെടുത്തു. എന്നാൽ വാഗ്ദത്ത ദേശത്തു പ്രവേശിക്കാൻ അവരുടെ നേതാവായ മോശയ്ക്കു ദൈവം അനുവാദം നല്കിയില്ല. അതുകൊണ്ട് ആ സമതലത്തിൽവച്ചു മോശ ജനത്തോടു വിടവാങ്ങി. ആ അവസരത്തിൽ മോശ നടത്തുന്ന വിടവാങ്ങൾ പ്രസംഗമായാണു നിയമാവർത്തനഗ്രന്ഥം പ്രത്യക്ഷപ്പെടുന്നത് (നിയ 1:1-3). സീനായ് മലയിൽവച്ചു നല്കിയതും പിന്നീടു നാല്പതു വർഷക്കാലം മരുഭൂമിയിൽവച്ചു ദൈവം കല്പിച്ചതുമായ എല്ലാ നിയമങ്ങളും മോശ ഈ അവസരത്തിൽ തന്റെ പ്രസംഗത്തിൽ ആവർത്തിച്ചു പറഞ്ഞു.

## ഗ്രന്ഥത്തിന്റെ ഘടന

ഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും പുരാതനവുമായ അദ്ധ്യായങ്ങളാണ് നിയ 12-26. ഈ ഭാഗം നിയമാവർത്തന ഗ്രന്ഥത്തിനെന്നു മാത്രമല്ല പഞ്ചഗ്രന്ഥത്തിനു മുഴുവനുമെന്നതുപോലെ നിയമ-പ്രവാചകഗ്രന്ഥങ്ങൾക്കും (ഉൽപ- 2രാജാ) ദൈവശാസ്ത്ര അടിത്തറ നല്കുന്നു. മാത്രവുമല്ല നിയ 12-26 ലെ നിയമങ്ങൾ സീനായ് മലയിൽവച്ചു ദൈവം നല്കിയ (പുറ 20-23) നിയമങ്ങളുടെ പരിഷ്കരിച്ച ഒരു പതിപ്പാണ്. ഗ്രന്ഥത്തിനു താഴെപ്പറയുന്ന ഘടനയാണുള്ളത്.

1) നിയമം എങ്ങനെയാണു ദൈവത്തിന്റെ വാഗ്ദാനങ്ങളും ജനത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതെന്നു വിശദീകരിക്കുന്ന അവതാരിക (നിയ 1:1-4:43).

2) നിയമാവർത്തന നിയമത്തിനുള്ള പ്രത്യേക അവതാരിക (4:44-11:32)

3) നിയമാവർത്തന നിയമസംഹിത (12-26).

4) മോശയുടെ അവസാനവാക്കുകളും മറ്റു സംഭവങ്ങളും (29-34).

# ഉള്ളടക്കം

ഏറ്റവും ശക്തനായ ദൈവമാണു കർത്താവ് (10:14, 17). അവിടുന്നാണ് ഇസ്രായേലിന്റെ പൂർവ്വപിതാക്കന്മാരെ വിളിച്ചത് (26:5). അവർക്കു ദേശം നൽകുമെന്നു വാഗ്ദാനം ചെയ്തതും (1:8) അവരുടെ പിൻഗാമികളെ തന്റെ പ്രത്യേകമായ ജനമായി തിരഞ്ഞെടുത്തതും (4:37; 10:15; 7:6; 14:2; 26:8) അവരെ അടിമത്തത്തിൽനിന്നു രക്ഷിച്ചതും (7:8; 13:5) ഹോറെബിൽ അവരുമായി ഉടമ്പടി ചെയ്തതും (4:13; 29:1) ദൈവമായ കർത്താവാണ്. പരീക്ഷിക്കാനും എളിമപ്പെടുത്താനുമായി അവിടുന്നവരെ മരുഭൂമിയിലൂടെ നയിച്ചു (8:2, 15, 16). ഉടമ്പടിയിലൂടെ അവരെ തന്റെ ജനമായി സ്വീകരിക്കാൻ അവിടുന്നു നിശ്ചയിച്ചു. അതുകൊണ്ടുതന്നെ അവർ അവിടുത്തെ മാത്രം ഭയപ്പെടുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും വേണം (6:4, 5, 24; 8:6). താൻ നൽകുന്ന ദേശത്തു തന്നെ ആരാധിക്കേണ്ടതെങ്ങനെയാണെന്നും അവിടുന്ന് അവരോടു കൽപിച്ചു (5:31-33).

വാഗ്ദത്ത ദേശത്തിന്റെ അതിർത്തിയിൽ വച്ചുള്ള തന്റെ പ്രസംഗത്തിലൂടെ ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കാൻ മോശ ജനത്തെ ആഹ്വാനം ചെയ്യുകയാണു നിയമാവർത്തനത്തിൽ. അനുസരിക്കുന്നവർക്കു വലിയ അനുഗ്രഹം ലഭിക്കും (28:1-14) അനുസരിക്കാത്തവർക്കു ശാപവും (27:11-26). അനുസരിക്കാത്തവർക്കു ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ചും ഗ്രന്ഥകർത്താവു വ്യക്തമാക്കുന്നുണ്ട് (28:15-68).

മരത്തിൽ തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാണ് എന്ന നിയമാവർത്തന ഗ്രന്ഥം പ്രഖ്യാപിച്ചു (നിയ 21:22-23). ഇതു ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പ്രവചനമായാണു ഗലാത്തിയാക്കാരുടെ ലേഖനം കാണുന്നത് (3:10-13). നിയമത്തിന്റെ അന്ധമായ അനുഷ്ഠാനത്തിലൂടെയല്ല ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണു നാം രക്ഷിക്കപ്പെടുന്നത്.

# നിയമാവർത്തന നിയമ സംഹിത (നിയ 12-26)

നിയമാവർത്തന ഗ്രന്ഥത്തിന്റെ ഏറ്റവും കാതലായ ഭാഗം 12-26 അദ്ധ്യായങ്ങളാണെന്നു നാം പറഞ്ഞു. ഇതു പുറപ്പാട് 20-23 അദ്ധ്യായങ്ങളിൽക്കാണുന്ന ഉടമ്പടിയുടെ നിയമത്തിനു സമാനമാണ്.

**നിയമാവർത്തനം 12-26 - പുറപ്പാട് 20-23 താരതമ്യ പഠനം**

| | |
|---|---|
| പുറ 21:1-11 | നിയ 15:12-18 |
| പുറ 21:12-24 | നിയ 19:1-13 |
| പുറ 21:16 | നിയ 24:7 |
| പുറ 22:16-120 | നിയ 22:28-29 |
| പുറ 22:21-24 | നിയ 24:17-22 |
| പുറ 22:25 | നിയ 23:19-20 |
| പുറ 22:26- | നിയ 24:10-13 |
| പുറ 22:29- | നിയ 15:19-23 |
| പുറ 22:31 | നിയ 14:3-21 |
| പുറ 23:1 | നിയ 19:16-21 |
| പുറ 23:2-, 6-8 | നിയ 16:18-20 |
| പുറ 23:4- | നിയ 22:1-4 |
| പുറ 23:9 | നിയ 24:17- |
| പുറ 23:10- | നിയ 15:1-11 |
| പുറ 23:12 | നിയ 5:13-15 |
| പുറ 23:13 | നിയ 6:13 |
| പുറ 23:14-17 | നിയ 16:1-17 |
| പുറ 23:19a | നിയ 26:2-10 |
| പുറ 23:19b | നിയ 14:21b |
| പുറ 23:9 | നിയ 24:17- |

| | |
|---|---|
| പുറ 23:10- | നിയ 15:1-11 |
| പുറ 23:12 | നിയ 5:13-15 |
| പുറ 23:13 | നിയ 6:13 |
| പുറ 23:14-17 | നിയ 16:1-17 |
| പുറ 23:19a | നിയ 26:2-10 |
| പുറ 23:19b | നിയ 14:21b |

എന്നാൽ പുറപ്പാടിൽക്കാണുന്ന നിയമങ്ങൾ നവീകരിക്കപ്പെട്ട രീതിയിലാണു നിയമാവർത്തനത്തിൽ കാണുന്നത്. പുറപ്പാടിലെ പാരമ്പര്യ നിയമങ്ങൾ നിലവിൽ വന്നതിനുശേഷം വളരെക്കാലം കഴിഞ്ഞാണു നിയമാവർത്തന നിയമം നല്കപ്പെടുന്നതെന്നു ഗ്രഹിക്കാൻ ബുദ്ധിമുട്ടില്ല. ഉദാ. പാവപ്പെട്ടവനു ജീവിക്കാനുള്ള എന്തെങ്കിലും വക കണ്ടെത്താൻ കഴിയേണ്ടതിന് ഏഴാം വർഷം ജനം നിലങ്ങൾ കൃഷി ചെയ്യാതെ വെറുതെ ഇടണമെന്നു പുറപ്പാടു ഗ്രന്ഥത്തിൽ (പഴയ പാരമ്പര്യ) ദൈവം കല്പിക്കുന്നുണ്ട് (23:10-11). ഈ നിയമത്തെ നവീകരിച്ചുകൊണ്ട് ഏഴാംവർഷം പാവപ്പെട്ടവന്റെ കടങ്ങൾ ഇളച്ചുകൊടുക്കേണ്ടതിനെക്കുറിച്ചും വിദേശീയരിൽനിന്നു വാങ്ങുകയും കൊടുക്കുകയും ചെയ്യുന്ന കടങ്ങളെക്കുറിച്ചുമെല്ലാം നിയമാവർത്തനഗ്രന്ഥം വിശദമായി സംസാരിക്കുന്നു (നിയ 15:1-11). കാർഷിക മേഖലയിൽ ജോലിചെയ്തു ജീവിക്കുന്ന ചെറിയ ഒരു സമൂഹമാണു പുറപ്പാടു നിയമത്തിന്റെ പിന്നിലുള്ളത്; ഇതിൽനിന്നു വ്യത്യസ്തമായി മോശയുടെ മരണത്തിന് അനേക വർഷങ്ങൾക്കുശേഷം രാജഭരണം ആരംഭിച്ചു കഴിഞ്ഞപ്പോൾ ഇസ്രായേൽ വളർന്നു പട്ടണങ്ങൾ ജന്മമെടുക്കുകയും ജനം ഉയർന്ന സാമ്പത്തിക വളർച്ച പ്രാപിക്കുകയും ചെയ്ത കാലഘട്ടത്തിലെ ജനത്തിനു നല്കപ്പെട്ട നിയമങ്ങളാണു നിയമാവർത്തന ഗ്രന്ഥത്തിലുള്ളത്.

മോശയുടെ പ്രസംഗമായാണു നിയമാവർത്തനഗ്രന്ഥം അവതരിപ്പിക്കപ്പെടുന്നതെങ്കിലും അതു നല്കപ്പെട്ടത് മോശയുടെ മരണത്തിനുശേഷം അനേക വർഷങ്ങൾ കഴിഞ്ഞാണ്. മോശയുടെ നിയമങ്ങൾ പുതിയ തലമുറയ്ക്കുവേണ്ടി വ്യാഖ്യാനിച്ചവരുടെ വാക്കുകളാണിവ. കാരണം മോശയ്ക്ക് അനേക വർഷങ്ങൾക്കുശേഷംവന്ന ദാവീദും സോളമനും സ്ഥാപിച്ച രാഷ്ട്രീയ-സാമ്പത്തിക വ്യവസ്ഥയെ മുന്നിൽ കണ്ടുകൊണ്ടാണു നിയമാവർത്തന ഗ്രന്ഥകാരൻ സംസാരിക്കുന്നത്.

## മോശയുടെ പ്രസംഗമോ?

നിയമാവർത്തന ഗ്രന്ഥമവതരിപ്പിക്കുന്നത് മോശയുടെ വിടവാങ്ങൽ പ്രസംഗമാണെന്നു നാം കണ്ടു. ഒന്നിനു പുറകെ ഒന്നായി അവതരിപ്പിക്കുന്ന മൂന്നു പ്രസംഗങ്ങളും മോശയുടെ അന്ത്യവചസ്സുകളുമാണ് ഇതിലുള്ളത് (1:6-4:43; 4:44-26:19; 27-30; 31-34). പ്രധാനപ്പെട്ട സന്ദേശങ്ങൾ കൈമാറുന്നതിനുള്ള മാധ്യമമായി ഈജിപ്തിൽ ഇപ്രകാരമുള്ള വിടവാങ്ങൽ പ്രസംഗങ്ങൾ ഉപയോഗിച്ചിരുന്നു. രാജാക്കന്മാരും അവരുടെ പ്രധാന മന്ത്രിമാരും അവരുടെ മരണപത്രത്തിന്റെ മാതൃകയിലാണു പല പ്രധാന ഉപദേശങ്ങളും കൈമാറിയിരുന്നത്. ഈജിപ്തിൽ അടിമത്തത്തിലായിരുന്ന ഇസ്രായേൽക്കാരെ ഈ രീതി സ്വാധീനിച്ചിരിക്കാം. ഉദാ. നിയ 17:14-23 ൽ ഭാവി രാജാക്കന്മാർക്കുള്ള നിയമങ്ങൾ മോശ നല്കുന്നതു കാണാം. ഈ വചനഭാഗത്തെ 1സാമു 8-മായി താരതമ്യപ്പെടുത്തിയാൽ ഇതു വ്യക്തമാകും. സമാനമായ ഉപദേശങ്ങൾ ഈജിപ്തിലെയും മെസോപൊട്ടേമിയയിലെയും രാജാക്കന്മാരും നല്കിയിരുന്നു.

പ്രധാനപ്പെട്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നേതാക്കന്മാരുടെ പ്രസംഗങ്ങളിലൂടെ അവതരിപ്പിക്കുന്ന രീതി വിപ്രവാസശേഷമുള്ള ഇസ്രായേലിൽ നിലനിന്നിരുന്നു. ഉദാ. ദാവീദിന്റെ സിംഹാസനത്തിന്റെ നിത്യതയും ജറുസലെം ദേവാലയത്തിന്റെ പ്രാധാന്യവും ഉയർത്തിക്കാണിക്കുന്ന ഒരു ഉപദേശം പ്രസംഗ രൂപത്തിൽ യൂദാ രാജാവായ റെഹോബോവാമിന്റെ മകനായ അബിയാ രാജാവിന്റെതായി വിപ്രവാസശേഷം വന്ന ദിനവൃത്താന്ത ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട് (2ദിന 13:4-12). നിയമാവർത്തന ചരിത്രത്തിൽ വിവരിക്കപ്പെടാത്ത ഒരു സംഭവമാണത്. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ നിലപാടും ജറൂസലേം ദേവാലയത്തോടുള്ള അവരുടെ എതിർപ്പും ദൈവഹിതത്തിനെതിരാണെന്നു കാണിക്കാനാണു ദിനവൃത്താന്ത ഗ്രന്ഥകാരൻ ഇങ്ങനെ ചെയ്യുന്നത്.

യൂദിത്തിന്റെയും മക്കബായരുടെയും ഗ്രന്ഥങ്ങളിൽ ഇതിനു സമാനമായ മറ്റു പ്രസംഗങ്ങളും കാണാം: ഉദാ. യൂദിത്തിന്റെ ആദ്യ പ്രസംഗത്തിൽ (8:11-27) ജനത്തിന്റെ വിശ്വാസവും ദൈവത്തിലുള്ള പ്രത്യാശയും ഉറപ്പിക്കുന്നതിനുവേണ്ടി പഴയ കാലങ്ങളിൽ പൂർവ്വപിതാക്കന്മാർ ചെയ്തുപോലെ ഇന്നു ദൈവത്തെ പരീക്ഷിക്കരുത് എന്നു യൂദിത്ത് ഇസ്രായേലിനെ ഉപദേശിക്കുന്നുണ്ട്. രണ്ടാമത്തേത്, യൂദിത്തിന്റെ പ്രാർത്ഥനയാണ് (9:2-14). ഇതിൽ ഇസ്രായേലിന്റെ ദൈവത്തിന്റെ മഹത്വവും അവിടുത്തെ പഴയകാല പ്രവൃത്തികളും യൂദിത്ത് അനുസ്മരിക്കുന്നു. അതുപോലെതന്നെ ഉടമ്പടിയോടുള്ള തന്റെ പൂർവ്വികരുടെ വിശ്വസ്തത വിവരിച്ചുകൊണ്ടു ഹസ്മൊണേയനായ മത്താത്തിയാസ് പ്രസംഗിക്കുന്നതു മക്കബായരുടെ ഗ്രന്ഥത്തിൽക്കാണാം (1മക്ക 2:48-67).

സുവിശേഷകന്മാർ തങ്ങളുടെ ദൈവശാസ്ത്ര ചിന്തകൾ അവതരിപ്പിക്കുന്നത് കർത്താവിന്റെയും സ്നാപകയോഹന്നാന്റെയും മറ്റും പ്രസംഗങ്ങളിലൂടെയാണ്. വി. ലൂക്കാ സഭയെയും പരി. ആത്മാവിനെയും കുറിച്ചുള്ള തന്റെ വീക്ഷണം അപ്പസ്തോല പ്രവർത്തനങ്ങളിൽ അവതരിപ്പിക്കുന്നത് സ്തേഫാനോസിന്റെയും പത്രോസിന്റെയും പൗലോസിന്റെയും പ്രസംഗങ്ങളിലൂടെയാണ്. ചരിത്രപരമായി പത്രോസിന്റെയും പൗലോസിന്റെയും പ്രസംഗ ശൈലികളും ദൈവശാസ്ത്ര ദർശനങ്ങളും വ്യത്യസ്തങ്ങളായിരുന്നെങ്കിലും അപ്പസ്തോല പ്രവർത്തനങ്ങളിൽ അവർ ഏകദൈവശാസ്ത്രമാണു പ്രഘോഷിക്കുന്നത്. കാരണം അവയെല്ലാം വി. ലൂക്കായുടെ പ്രസംഗങ്ങളാണ്.

മോശയുടെ മൂന്നു പ്രസംഗങ്ങളുടെയും അദ്ദേഹത്തിന്റെ അന്ത്യ വചസ്സുകളുടെയും രൂപത്തിലാണു നിയമാവർത്തന ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്:
അവതാരിക (1:1-5)

**ഒന്നാം പ്രസംഗം** (1:6-4:43); ഇസ്രായേലിനു വേണ്ടി ദൈവം പഴയകാലത്തു ചെയ്ത പ്രവർത്തനങ്ങൾ വിവരിക്കുന്നു.

**രണ്ടാം പ്രസംഗം** (4:44-26:19); ഇന്നു ജനങ്ങൾ പാലിക്കേണ്ട കർത്താവിന്റെ നിയമങ്ങൾ വിവരിക്കുന്നു. ഇതിനു രണ്ടു ഭാഗങ്ങൾ ഉണ്ട്. 1. പൊതു നിയമങ്ങളും പത്തു പ്രമാണങ്ങളും (4:44-29:32). 2. പ്രത്യേക നിയമങ്ങളും അവ പ്രായോഗികമാക്കേണ്ട വിധവും (12-26).

**മൂന്നാം പ്രസംഗം** (27-30); ഭാവിയിലേക്കുള്ള കർത്താവിന്റെ നിയമങ്ങൾ; 1. അനുഗ്രഹങ്ങൾ (28), 2. ശാപങ്ങൾ (27), 3. ഉടമ്പടി നവീകരണം (29-30).

**മോശയുടെ അന്ത്യവചസ്സുകൾ** (31:33); 1. വിടവാങ്ങൽ (31:1-29), 2. മോശയുടെ ഗാനം (31:30-32:52), 3. മോശ അനുഗ്രഹിക്കുന്നു (33:1-29).

**മോശയുടെ മരണം** (34).

എന്നാൽ ഗ്രന്ഥത്തിന്റെ ഘടനയും ഉള്ളടക്കവും പരിശോധിച്ചാൽ അതിനു പഴയകാല മധ്യപൂർവ്വദേശത്തെ വലിയ ചക്രവർത്തിമാർ സാമന്ത രാജാക്കന്മാരുമായി ചെയ്തിരുന്ന ഉടമ്പടികളുമായി സാമ്യമുള്ളതായി കാണാം. ഈ ഉടമ്പടികളെക്കുറിച്ചാണു ചുരുക്കമായി താഴെ വിവരിക്കുന്നത്.

## ചക്രവർത്തിമാരും ഉടമ്പടികളും

ക്രിസ്തുവിനു മുമ്പു 15-ാം നൂറ്റാണ്ടിലെ ഹിത്യരുടെ സാമ്രാജ്യകാലം മുതൽ അസ്സീറിയയിലും ഈജിപ്തിലും തുടർന്നുവന്ന റോമൻ സാമ്രാജ്യത്തിലും നാട്ടുരാജാക്കന്മാർ ചക്രവർത്തിമാരുടെ മുമ്പിൽ നടത്തുന്ന വിശ്വസ ഉടമ്പടികൾ നിലനിന്നിരുന്നു. ചക്രവർത്തി സാമന്തരാജാവിനു

നല്കുന്ന മഹത്തരമായ കാര്യങ്ങൾ ഇപ്രകാരമുള്ള ഉടമ്പടികളുടെ ആമുഖമായി ചേർത്തിട്ടുണ്ട്. നിയമാവർത്തനം 1-11 ഇതിനു സമാനമായ ആമുഖമാണ്.

ഒരു ചക്രവർത്തി സ്ഥാനം ഒഴിയുകയും അദ്ദേഹത്തിന്റെ പിൻഗാമി സ്ഥാനമേൽക്കുകയും ചെയ്യുമ്പോൾ ആ സാമ്രാജ്യത്തിലെ സാമന്തരാജാക്കന്മാരെക്കൊണ്ടു പുതിയ ചക്രവർത്തിയുടെ മുമ്പിൽ അവർ വിശ്വസ്തരായിരിക്കും എന്നു സ്ഥാനമൊഴിയുന്ന ചക്രവർത്തി സത്യം ചെയ്യിക്കുമായിരുന്നു. വലിയ ചക്രവർത്തിമാർ ഇപ്രകാരം ചെയ്യിച്ചിരുന്നു എന്നതിനു തെളിവുകൾ ഭൂഗർഭ ഗവേഷണങ്ങൾ നമുക്കു നല്കുന്നുണ്ട്. ഉദാ. അസ്സീറിയൻ ചക്രവർത്തിയായ എസ്സാർഹദ്ദോണിന്റെ സാമന്തരുമായുള്ള ഉടമ്പടികൾ ഇന്നു നമുക്കു ലഭ്യമാണ് (Vassal Trieties of Essarhaddon).

ചക്രവർത്തിയുടെ ഈ ഉടമ്പടികളോടു നിയമാവർത്തന ഗ്രന്ഥത്തിനു വലിയ സാമ്യമുണ്ട്. എസ്സാർഹദ്ദോൺ ഭരണത്തിൽനിന്നു വിരമിക്കുന്ന അവസരത്തിൽ തന്റെ പിൻഗാമിയായ അസ്സുർബാനിപ്പാളിനോടു വിധേയരായിരിക്കണമെന്ന് സാമന്തരാജാക്കന്മാരെ ഉപദേശിക്കുന്ന ഉടമ്പടിയായിരുന്നു എസ്സാർഹദ്ദോണിന്റെ സാമന്ത ഉടമ്പടികൾ (VTE). വാസ്തവത്തിൽ മൊവാബു സമതലത്തിൽവച്ച് താൻ ദൗത്യത്തിൽനിന്നു വിരമിക്കുന്ന അവസരത്തിൽ തന്റെ പിൻഗാമിയായി മോശ ജോഷയെ നിയമിക്കുമ്പോൾ ജോഷയോടു വിശ്വസ്തത പാലിക്കണമെന്നു മോശ ജനങ്ങളെ ഉപദേശിക്കുന്നുണ്ട്. ഇത് എസ്സാർഹദ്ദോണിന്റെ ഉടമ്പടികളുടെ സാഹചര്യങ്ങളോടു സമാനമാണ് (നിയ 3:23-29; 31:1-8).

എസ്സാർഹദ്ദോണിന്റെ ഉടമ്പടികളും നിയമാവർത്തനഗ്രന്ഥവും രൂപസാദൃശ്യമുള്ളവയാണ്. ഉള്ളടക്കത്തിന്റെ കാര്യത്തിലാണു വ്യത്യാസം. കാരണം അവയിലൂടെ നല്കപ്പെടുന്ന നിയമങ്ങൾ വ്യത്യസ്തങ്ങളാണ്. സത്യം ചെയ്യിക്കാനുപയോഗിക്കുന്ന നിയമാവർത്തന നിയമത്തിന്റെ അടിസ്ഥാനം ദൈവ കല്പനകളാണെങ്കിൽ എസ്സാർഹദ്ദോണിന്റേത് രാഷ്ട്രീയ നിയമങ്ങളായിരുന്നു. ഇവ രണ്ടിലും ജനങ്ങൾ മുഴുവനും സന്നിഹിതരാണ് (നിയ 29:9-11; 2രാജ 23:1-3; എസ്സാർ. 4-5). ഇവ രണ്ടിലും ഉടമ്പടിയ്ക്കായി ഒന്നു ചേർന്നവർ അവർക്കുവേണ്ടി മാത്രമല്ല അവരുടെ സന്തതിപരമ്പരകൾക്കുവേണ്ടിയുംകൂടി പ്രതിജ്ഞയെടുക്കുന്നുണ്ട് (നിയ 29:4; എസ്സാർ. 6-7).

നിയമാവർത്തനവും എസ്സാർ. ഉടമ്പടികളും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ വ്യക്തമാകുന്ന മറ്റൊരു കാര്യം ഇവ രണ്ടും തുല്യവ്യക്തികൾക്കിടയിലുള്ള ഉടമ്പടികളല്ല മറിച്ച് ഒരു ചക്രവർത്തി സാമന്തനുമായി ചെയ്യുന്നതും വിശ്വസ്തത ആവശ്യപ്പെടുന്നതുമായ ഉടമ്പടികളാണെന്നതാണ്. നിയമാവർത്തനത്തിലും എസ്സാർ. ഉടമ്പടിയിലും ''സ്നേഹം'' എന്ന വാക്കാണ് വിശ്വസ്തതയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. സാമന്തൻ ചക്രവർത്തിയെ പൂർണ്ണമായി സ്നേഹിക്കാൻ സ്വയം കടപ്പെടുത്തുന്നതാണിവ. ചക്രവർത്തിയെ ''പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടുംകൂടി സ്നേഹിക്കുക'' (നിയ 6:5). ചക്രവർത്തിയെ ''അനുഗമിക്കുക,'' ''ഭയപ്പെടുക,'' ''കേട്ട് അനുസരിക്കുക'' എന്നതെല്ലാമാണു സാധാരണയായി ഇത്തരം ഉടമ്പടികളിൽ സാമന്തന്റെ ഉത്തരവാദിത്വങ്ങൾ ആയിത്തീർന്നത്.

ഉടമ്പടിയുടെ ഉള്ളടക്കത്തിന്റെ കാര്യത്തിലും നിയമാവർത്തനവും അസ്സീറിയൻ ഉടമ്പടികളും തമ്മിൽ സാമ്യമുണ്ട്: നിയമാവർത്തനത്തിലെ ശാപങ്ങൾ (28:23-35) എസ്സാർ. ഉടമ്പടികളിലെ ശാപങ്ങൾക്കു സമാനമാണ് (419-430). ഇവ രണ്ടിലും ശാപങ്ങളുടെ ക്രമവും ഒന്നുതന്നെയാണ്. യൂദാരാജാവും ജനങ്ങളും (മനാസ്സെ; 2രാജാ 21) മെസോപൊട്ടേമിയായിലെ ചക്രവർത്തിമാരോടു വിധേയത്വം പ്രഖ്യാപിച്ചിരുന്ന പശ്ചാത്തലത്തിലായിരിക്കാം അവയെ എതിർക്കുന്ന നിയമാവർത്തന ഗ്രന്ഥകാരൻ സമാനമായ ഒരു ഉടമ്പടിയിൽ അവർ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിച്ചത്.

പാലിക്കുമെന്നു സത്യം ചെയ്ത കാര്യങ്ങളിലേതെങ്കിലും ലംഘിക്കുകയാണെങ്കിൽ അയാൾ സ്വയം കുറ്റപ്പെടുത്തുന്ന രീതിയും നിയമാവർത്തനത്തിലും എസ്സാർ. ഉടമ്പടിയിലും സമാനമാണ്. അതാണു നിയമാവർത്തന ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നത്: ''ഈ നിയമപുസ്തകത്തിൽ എഴുതിയിരിക്കുന്ന ഉടമ്പടിയുടെ ശാപങ്ങൾക്ക് അനുസൃതമായി അവനെ നശിപ്പിക്കുന്നതിന് ഇസ്രായേൽ ഗോത്രങ്ങളിൽനിന്ന് അവനെ മാറ്റിനിർത്തും. നിൻെറ ഭാവി തലമുറയും വിദൂരത്തുനിന്നു വരുന്ന പരദേശികളും ഈ ദേശത്തെ മഹാമാരികളും കർത്താവ് ഇവിടെ വരുത്തിയ രോഗങ്ങളും കാണും. വിത്തു വിതയ്ക്കുകയോ ഒന്നും വളരുകയോ പുല്ലുപോലും മുളയ്ക്കുകയോ ചെയ്യാത്തവിധം ഗന്ധകവും ഉപ്പുംകൊണ്ടു നാടു മുഴുവൻ കത്തി എരിഞ്ഞിരിക്കും. കർത്താവു തൻെറ രൂക്ഷമായ കോപത്താൽ നശിപ്പിച്ച സോദോം, ഗൊമോറ, അദ്മാ, സെബോയിം എന്നീ പട്ടണങ്ങളുടെ വിനാശംപോലെ ആയിരിക്കും അത്. ഇതു കാണുന്ന

ജനതകൾ ചോദിക്കും: എന്തുകൊണ്ടാണ്, ഈ രാജ്യത്തോടു കർത്താവ് ഇപ്രകാരം പ്രവർത്തിച്ചത്? അവിടുത്തെ കോപം ഇത്രയധികം ജ്വലിക്കാൻ കാരണമെന്ത്?'' (29:21-24). ഇതേ രീതിയിലുള്ള കുറ്റപ്പെടുത്തലുകൾതന്നെ നെയോ അസ്സീറിയൻ ഉടമ്പടികളിലും കാണാം. ഉദാ: അസ്സുർബാനിപ്പാളിന്റെ ദിനവൃത്താന്തത്തിൽ (Annuls) നാമിങ്ങനെ വായിക്കുന്നു: ''അറേബ്യയിലുള്ള ജനങ്ങൾ ഇപ്രകാരം പരസ്പരം പറഞ്ഞു: എങ്ങനെയാണ് ഈ ദുർഗ്ഗതി സംഭവിച്ചത്? അപ്പോൾ അവർ പറഞ്ഞു. കാരണം നാം അസ്സീറിയൻ ദേവനോട് സത്യം ചെയ്ത കടമകൾ നിറവേറ്റിയില്ല.''

മദ്ധ്യപൂർവ്വ ദേശത്തു നിലവിലിരുന്ന ഒരു രാഷ്ട്രീയ പെരുമാറ്റരീതി ഇസ്രായേലിൽ മതപരവും വിശ്വാസപരവുമായ ഒരു കാര്യത്തിനായി വി. ഗ്രന്ഥകാരൻ ഉപയോഗിച്ചുവെന്ന് ഈ താരതമ്യങ്ങൾ വ്യക്തമാക്കുന്നു. മറ്റൊരു ദൈവത്തെയും അംഗീകരിക്കാത്ത അസൂയാലുവും അസഹിഷ്ണുവുമായ ദൈവമാണ് ഇസ്രായേലിന്റെ ദൈവം എന്ന കാഴ്ചപ്പാടാണ് ഈ ചിന്താഗതിക്കു കാരണം. ഇസ്രായേലിനു മറ്റൊരു ദൈവത്തെയും ആരാധിക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. പഴയ ചക്രവർത്തിമാരും ഇങ്ങനെ തന്നെയായിരുന്നു. തന്റെ സാമന്തനായ ഒരു രാജാവു താനുമായല്ലാതെ മറ്റൊരു ചക്രവർത്തിയുമായും സഖ്യത്തിലേർപ്പെടുന്നത് അവർ അംഗീകരിച്ചിരുന്നില്ല. ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുന്നതോടൊപ്പം മറ്റൊരു ദൈവത്തെയും സേവിക്കാൻ ഇസ്രായേലിന് അനുവാദമില്ലന്നാണു വി. ഗ്രന്ഥകാരൻ പ്രഘോഷിക്കുന്നത്.

എന്തുകൊണ്ടാണ് ഇസ്രായേൽ തങ്ങളുടെ ദൈവത്തെ ഒരു ചക്രവർത്തിയെപ്പോലെ ചിത്രീകരിച്ചത് എന്ന ചോദ്യം പ്രസക്തമാണ്. ദൈവ സ്ഥാപിതമായ ഒന്നായാണ് ഇസ്രായേൽ തങ്ങളുടെ രാജ്യത്തെ കണ്ടത്. പല സാമ്രാജ്യങ്ങളുടെയും സ്ഥാപകന്മാർ ചക്രവർത്തിമാർ ആയിരിക്കുന്നതുപോലെ ദൈവമായിരുന്നു ഇസ്രായേലിന്റെ വലിയ രാജാവ്. ഈ ചക്രവർത്തിയുടെ നിയമങ്ങൾ അവരുടെ ജീവിതത്തെ മുഴുവനും സ്വാധീനിക്കുന്നവയായിരുന്നു. മദ്ധ്യപൂർവ്വദേശത്തും അതുപോലെ മറ്റു സ്ഥലങ്ങളിലും പഴയ കാലത്ത് ഏറ്റവും ശക്തരായ ചക്രവർത്തിമാരാണു തങ്ങളുടെ സാമന്തരായ രാജാക്കന്മാരുടെയും അവരുടെ ജനങ്ങളുടെയും നിലനില്പ്പും വളർച്ചയും തളർച്ചയുമെല്ലാം നിശ്ചയിച്ചിരുന്നത്. ചക്രവർത്തിമാരോടു പൂർണ്ണമായ വിശ്വസ്തത പാലിക്കുകയും അവരാവശ്യപ്പെടുന്ന കപ്പം നല്കുകയും ചെയ്യേണ്ടതു ചെറിയ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം നിലനില്പിന് അനിവാര്യമായിരുന്നു.

ബഹുദൈവ വിശ്വാസികളായിരുന്ന അക്കാലഘട്ടത്തിലെ ജനങ്ങൾ ക്കുണ്ടായിരുന്ന ചിന്താഗതിയനുസരിച്ചു ലോകത്തിലുള്ള ഓരോ രാജ്യത്തിനും സ്വർഗ്ഗത്തിൽ അവരുടെ ഉത്തരവാദിത്വമുള്ള ഒരു ദേവനുണ്ടായിരുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്നവരും ഭൂമിയിലെ ഓരോ രാജ്യങ്ങളുടെയും ഉത്തരവാദികളുമായ ദേവന്മാർ തമ്മിൽ യുദ്ധങ്ങളുണ്ടാവുകയും അവർക്കു വിജയ-പരാജയങ്ങളുണ്ടാവുകയും ചെയ്യുക സ്വാഭാവികമായിരുന്നു. വ്യത്യസ്തരായ ദേവന്മാരുടെ അധീനതയിലുള്ള ഭൂമിയിലെ രാജ്യങ്ങളുടെ രാജാക്കന്മാർ തമ്മിലുള്ള യുദ്ധങ്ങളും അവരുടെ ഉയർച്ച താഴ്ചകളും സ്വർഗ്ഗത്തിൽ ദേവന്മാർ തമ്മിൽ നടക്കുന്ന യുദ്ധങ്ങളുടെ പ്രതിഫലനമാണെന്നവർ കരുതിയിരുന്നു. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ പതനത്തിനുശേഷം (ബി.സി 722) വളരെ ചെറിയ (രണ്ടു ഗോത്രങ്ങൾ മാത്രമുള്ള) രാജ്യമായിത്തീർന്ന യൂദാ തന്റെ നിലയുറപ്പിക്കാൻ പല ചക്രവർത്തിമാരുമായും ഉടമ്പടികളിലേർപ്പെട്ടു. ഈജിപ്തിൽ ഫറവോ കൂടുതൽ ശക്തനായിരുന്നപ്പോഴൊക്കെ യൂദാ രാജാക്കന്മാർ ഫറവോയുമായി ഉടമ്പടിയിലേർപ്പെട്ടു. പ്രദേശത്ത് ഈജിപ്തിനെക്കാൾ ബാബിലോൺ ശക്തിപ്പെട്ടപ്പോൾ യൂദാ ബാബിലോണുമായി ഉടമ്പടിയിലേർപ്പെട്ടു. സ്വന്തം നിലനില്പ് ഉറപ്പു വരുത്തുക എന്നതായിരുന്നു ഈ ഉടമ്പടികളുടെ ലക്ഷ്യം (ജറ 2:18, 36; ഹോസി 7:11).

ഈ വൻ സാമ്രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിൽനിന്നു യൂദാ ഫലമെടുക്കുകയും ചെയ്തിരുന്നു. അന്നത്തെ ജനത്തിന്റെ ദൃഷ്ടിയിൽ ദൈവമായിരുന്നില്ല മറിച്ച് വലിയ സൈനികശക്തികളായിരുന്ന ചക്രവർത്തിമാരാണു യൂദായുടെ ഭാഗധേയം തീരുമാനിച്ചിരുന്നത്. ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ വിശ്വസ്ത ഭക്തനായിരുന്ന ജോസിയ രാജാവ് ഫറവോയുമായുള്ള ഏറ്റുമുട്ടലിൽ മെഗിദ്ദോയിൽവച്ചു മരിക്കുകയും ചെയ്തു (2രാജ 23:29-30). തുടർന്നു ബാബിലോണിയക്കാർ യൂദായെ കീഴ്പ്പെടുത്തുകയും ജറുസലെമിലുള്ള കർത്താവിന്റെ ആലയം ബാബിലോണിയൻ ചക്രവർത്തി നശിപ്പിക്കുകയും ചെയ്തു.

ഭൂമിയിലെ ശക്തരായ ചക്രവർത്തിമാർ രാജ്യത്തിന്റെയും ജനങ്ങളുടെയും ചരിത്രം നിയന്ത്രിക്കുന്നതായി കാണപ്പെട്ട അക്കാലത്ത് ബാബിലോണിൽ വിപ്രവാസത്തിലായിരുന്ന നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാർ ഇസ്രായേലിന്റെ ദൈവത്തെ ശക്തനായ ഒരു ചക്രവർത്തിയായി ചിത്രീകരിച്ചു എന്നു നിയമാവർത്തകരിലൊരുവനായ രണ്ടാം ഏശയ്യാ തെളിയിക്കുന്നുണ്ട്: ''കർത്താവ്

വീരപുരുഷനെപ്പോലെ മുന്നേറുകയും യോദ്ധാവിനെപ്പോലെ കോപം ജ്വലിപ്പിക്കുകയും ചെയ്യുന്നു. അവിടുന്നു പോർവിളി മുഴക്കുകയും ശത്രുക്കൾക്കെതിരേ ശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നു'' ( ഏശ 42:13; + 40:23; 41:8-16). കർത്താവ് ഇസ്രായേലിനെ രക്ഷിക്കാൻ കഴിവുള്ള ശക്തനാണ് എന്നു കാണിക്കാനാണ് അവർ ഇപ്രകാരം ചെയ്തത്. ഇതു കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. കാരണം ഇസ്രായേലിന്റെ ദൈവമായ കർത്താവ് ബാബിലോണിന്റെ ദൈവമായ മർദൂക്കിന്റെ മുമ്പിൽ പരാജയപ്പെട്ടതിനാലാണ് അവർ തങ്ങളുടെ രാജ്യത്തുനിന്നു നാടുകടത്തപ്പെട്ടതെന്നു പല വിപ്രവാസികളും കരുതിയിരുന്നു (ഏശ 40:12.-18).

ദൈവം അതിശക്തനായ ചക്രവർത്തിയാണെങ്കിൽ ദൈവത്തെ ആശ്രയിച്ചു ജീവിക്കുന്ന ഇസ്രായേൽ ആ ദൈവത്തിന്റെ സംരക്ഷണയിൽ ജീവിക്കുന്ന ഒരു സാമന്തനു സമാനമാണ്. മദ്ധ്യപൂർവ്വദേശത്തു സാമന്തന്മാർ ചക്രവർത്തിയുടെ ദാസന്മാരായാണ് അറിയപ്പെട്ടിരുന്നത്: ''അസ്സീറിയാ രാജാവായ ഷൽമനേസർ അവനെതിരേ വന്നു. ഹോസിയാ അവൻെറ ദാസ(സാമന്ത)നായി കപ്പം കൊടുത്തു'' (2രാജ 17:3); ''യഹോയാക്കിമിൻെറ കാലത്തു ബാബിലോൺ രാജാവായ നബുക്കദ്നേസറിൻെറ ആക്രമണമുണ്ടായി. യഹോയാക്കിം മൂന്നു വർഷം അവനു ദാസ(സാമന്ത)നായിരുന്നു; പിന്നീട് അവനെ എതിർത്തു'' (24:1). എന്നാൽ ഇസ്രായേലിന്റെ ന്യായാധിപന്മാരുടെ കാലത്തെ പാരമ്പര്യമനുസരിച്ച് ദൈവം തന്നെയായിരുന്നു അവരുടെ രാജാവ് (ന്യായ 8:23; 1സാമു 8:7; 10:19).

ദൈവം ചക്രവർത്തിയാണെങ്കിൽ ദൈവവുമായി ഉടമ്പടി ചെയ്ത ജനം അവിടുത്തെ സാമന്തനു സമമാണ്. ചക്രവർത്തി (ദൈവം) സാമന്തനെ സംരക്ഷിക്കുക മാത്രമല്ല അവിശ്വസ്തത കാണിച്ചാൽ ശിക്ഷിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഇസ്രായേലിന്റെ വിപ്രവാസം ദൈവം ബാബിലോണിയൻ ദേവന്റെ മുമ്പിൽ പരാജയപ്പെട്ടതിന്റെ ഫലമല്ല മറിച്ച് അവർ കാണിച്ച അവിശ്വസതയ്ക്കുള്ള ശിക്ഷയാണ് എന്നു വിപ്രവാസത്തെ നിയമാവർത്തന ഗ്രന്ഥകാരൻ വ്യാഖ്യാനിച്ചു: ''യാക്കോബിനെ കൊള്ളക്കാർക്കും ഇസ്രായേലിനെ കവർച്ചക്കാർക്കും വിട്ടുകൊടുത്തതാരാണ്? കർത്താവു തന്നെയല്ലേ? നാം അവിടുത്തേക്കെതിരേ പാപം ചെയ്തു; അവിടുത്തെ മാർഗത്തിൽ അവർ ചരിച്ചില്ല; അവിടുത്തെ നിയമങ്ങൾ അനുസരിച്ചില്ല'' (42:24). ഇതു പ്രവചന രൂപത്തിലും (4:25-26) ഉപദേശരൂപത്തിലും (4:29) അവതരിപ്പിച്ചിരിക്കുന്നതു നിയമാവർത്തന ഗ്രന്ഥത്തിൽ കാണാം.

മാത്രവുമല്ല ദൈവം ചക്രവർത്തിയാണ് എങ്കിൽ അവിടുത്തെ സാമന്തനായ ദൈവജനം തങ്ങളുടെ നിലനില്പിനായി ദൈവത്തോടു പൂർണ്ണമായ വിശ്വസ്തതയോടെ ജീവിക്കേണ്ടതുണ്ട്. അക്കാരണത്താലാണ് ദൈവിക നിയമങ്ങളും ദൈവവുമായുള്ള ഉടമ്പടിയുമെല്ലാം നിയമാവർത്തന ഗ്രന്ഥകാരൻ ചക്രവർത്തിയും സാമന്തനും തമ്മിലുള്ള ഉടമ്പടിയുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഈ ഉടമ്പടികളുടെ പൊതുഘടന:

1. ആമുഖം: ഉടമ്പടി ചെയ്തുകൊണ്ടു സംസാരിക്കുന്ന ചക്രവർത്തിയെ/യാഹ്വെയെ അവതരിപ്പിക്കുന്നു.

2. രാജാവിനുവേണ്ടി (സാമന്തനുവേണ്ടി) കഴിഞ്ഞകാലങ്ങളിൽ ചക്രവർത്തി ചെയ്ത നന്മകളുടെ വിവരണം (നിയ 1:6-4:43 കാണുക).

3. ഉടമ്പടിയുടെ ഉത്തരവാദിത്വങ്ങൾ: (നിയ 5-26 കാണുക; പൊതുനിയമങ്ങൾ 5-11; പ്രധാന ഉത്തരവാദിത്വങ്ങൾ 12-26).

4. ഉടമ്പടിയുടെ ഫലങ്ങൾ (നിയ 27-29 കാണുക).

5. സാക്ഷികൾ (നിയ 30:19; 31:19; 32, മോശയുടെ ഗാനം ഉടമ്പടിക്കു സാക്ഷിയാണ്).

ഈ ഉടമ്പടികളുടെ ഒരു പകർപ്പ് ചക്രവർത്തിയുടെ അമ്പലത്തിൽ സൂക്ഷിച്ചിരുന്നു. മറ്റൊരു പകർപ്പു വർഷാവർഷം വായിച്ച് അനുസ്മരിക്കുന്നതിനുവേണ്ടി സാമന്ത രാജാവിന്റെ ദേവന്റെ അമ്പലത്തിലും സൂക്ഷിച്ചിരുന്നു (നിയ 17:18). ഇതെല്ലാം നിയമാവർത്തനം ഈ ഉടമ്പടികളെ മാതൃകയാക്കിയാണ് എഴുതപ്പെട്ടത് എന്നു വ്യക്തമാക്കുന്നു. ഈ ഏകദൈവ വിശ്വാസ സംഹിതക്ക് ഉട

മ്പടികളുടെ രൂപം നല്കുന്നതിനു വേണ്ടിയാണു ദേവാലയത്തിൽ നിന്നു കണ്ടെത്തിയ നിയമഗ്രന്ഥ ത്തിനു നിയമാവർത്തനഗ്രന്ഥകാരന്മാർ ആമുഖവും (നിയ 1-11) ഉപസംഹാരവും എഴുതിച്ചേർത്തത് (27-34).

# നിയമഗ്രന്ഥം (12-26)

ഉൽപത്തി മുതൽ സംഖ്യയുടെ ഗ്രന്ഥം വരെയുള്ള പൗരാണിക ചരിത്രത്തിലെ വിവരണങ്ങൾ നല്കുന്ന ദർശനങ്ങളല്ല നിയമഗ്രന്ഥത്തിന്റെ കർത്താവു നല്കുന്നത്. മോശയ്ക്കുശേഷം വളരെ ക്കാലം കഴിഞ്ഞ് മോശയുടെ കാലത്തേയ്ക്കു തിരിഞ്ഞു നോക്കുന്ന ഒരു ഗ്രന്ഥകർത്താവാണ് നിയ മാവർത്തന നിയമ സംഹിത നല്കുന്നത്. ദൈവകല്പനകൾ അനുസരിക്കേണ്ടതെങ്ങനെയെന്നു വിശദീകരിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

പഞ്ചഗ്രന്ഥത്തിൽ, നിയമാവർത്തന ഗ്രന്ഥത്തിൽ മാത്രമാണു നിയമഗ്രന്ഥം എന്ന പേരു ചേർത്തി രിക്കുന്നത് (17:19 - 20; 28:58; 29:19; 31:11-12). നിയമാവർത്തനത്തെ മുഴുവനും കൂടി നിയമം എന്നു വിളിക്കാം. തുടർന്ന് ഈ ഉപയോഗം മുൻകാല പ്രവാചകന്മാരിലും (ജോഷ്വ-2രാജ) കാണുന്നുണ്ട് (ജോഷ്വ 8:31; 23:6; 2രാജ 14:6). മോശയുടെ നിയമഗ്രന്ഥം എന്നാണു പഞ്ചഗ്രന്ഥത്തെ വിശേഷിപ്പി ക്കുന്നത് എങ്കിലും നിയമാവർത്തനത്തിലോ നിയമാവർത്തനചരിത്രത്തിലോ (ജോഷ്വ-2രാജ) ആണ് മോശയുടെ നിയമഗ്രന്ഥം എന്ന പ്രയോഗം ആദ്യമായി നാം കാണുന്നത്. ഗ്രന്ഥത്തിന്റെ ലക്ഷ്യമെന്തെന്നു ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുണ്ട്: ''ജോർദാൻെറ അക്കരെ മൊവാബു ദേശത്തുവച്ചു മോശ നിയമം വിശദീകരിക്കുവാൻ തുടങ്ങി''(1:5).

ഈ ഗ്രന്ഥത്തെക്കുറിച്ച് ''ഈ നിയമഗ്രന്ഥം'' എന്നു ഗ്രന്ഥകർത്താവ് ആവർത്തിച്ചു പറയുന്നുണ്ട് (29:21; 30:10; 31:26). മോശയാണു ഗ്രന്ഥകർത്താവ് എന്നു പ്രഖ്യാപിക്കുന്ന പഞ്ചഗ്രന്ഥത്തിലെ ഏക ഗ്രന്ഥം നിയമാവർത്തനമാണ് (നിയ 31:9). ഇസ്രായേലിന്റെ ചരിത്രത്തിൽ ഇതായിരിക്കണം ആദ്യ മായി വിശുദ്ധമായി കരുതപ്പെട്ട ഗ്രന്ഥം (2രാജ 23:1-3).

## നിയമഗ്രന്ഥം കണ്ടെടുത്ത ചരിത്രം

നിയമഗ്രന്ഥം കണ്ടെടുത്തതെങ്ങനെയെന്നും അതു ലഭ്യമായപ്പോൾ ജോസിയാ രാജാവിന്റെ പ്രതി കരണമെന്തായിരുന്നുവെന്നും രാജാക്കന്മാരുടെ രണ്ടാം പുസ്തകം വ്യക്തമായി വിവരിക്കുന്നുണ്ട് (2രാജാ 22-23). ദേവാലയത്തിൽ സംഭരിക്കപ്പെട്ടിരുന്ന വസ്തുവകകൾ ജോസിയ രാജാവിന്റെ കാലത്ത് അവർ പരിശോധിച്ചപ്പോൾ അവയ്ക്കിടയിൽനിന്ന് അവർക്ക് ഒരു ഗ്രന്ഥം ലഭ്യമായി. അതു വായിച്ച പുരോഹിതനോ രാജാവിനോ അതെന്താണെന്നു മനസ്സിലായില്ല. വിശ്വാസ കാര്യങ്ങളിൽ തീക്ഷണമതികളായ അവർക്ക് അപരിചിതമായ ഒരു ഗ്രന്ഥമായിരുന്നു അതെന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് ആ ഗ്രന്ഥത്തിലെ ഉള്ളടക്കമെന്താണെന്നറിയാൻ ഗ്രന്ഥവുമായി രാജാവു തന്റെ ആളുകളെ ഹൂൽദാ പ്രവാചികയുടെ അടുത്തേയ്ക്കയച്ചു. ഗ്രന്ഥം പരിശോധിച്ച പ്രവാചിക അതു കർത്താവിന്റെ നിയമമാണെന്നു മറുപടി നൽകുകയും ചെയ്തു.

തിരിച്ചു കൊട്ടാരത്തിൽ കൊണ്ടുവന്ന ഗ്രന്ഥം വായിച്ചു കേട്ടപ്പോൾ രാജാവ് അനുതപിക്കുകയും ആ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച് ദേശത്ത് വലിയ ഒരു മതനവീകരണം നടത്തുകയും ചെയ്തു. ജറുസലേമിലൊഴികെ വാഗ്ദത്തദേശത്തുണ്ടായിരുന്ന എല്ലാ വിശുദ്ധസ്ഥലങ്ങളിലെ ആരാധനാലയങ്ങളും രാജാവു നശിപ്പിച്ചു. ജറുസലെം ദേവാലയത്തിലും ഇസ്രായേലിലെ പൂജാഗി രികളിലുമുണ്ടായിരുന്ന അന്യദേവന്മാരുടെ എല്ലാ വിഗ്രഹങ്ങളും അദ്ദേഹം തച്ചുടച്ചു. അങ്ങനെ അദ്ദേഹം ദേശത്തു മുഴുവനും ദൃശ്യമായിരുന്ന വിഗ്രഹാരാധന ഉൻമൂലനം ചെയ്തു.

## നിയമഗ്രന്ഥവും ഏകദൈവ വിശ്വാസവും

ജോസിയ ചെയ്ത ഈ കാര്യങ്ങൾ 2രാജാ 23 ൽ വിവരിക്കുന്നതിനാൽ ഇങ്ങനെ ചെയ്യണമെന്നു കല്പിക്കുന്ന വചനഭാഗമെവിടെ എന്നന്വേഷിച്ച പണ്ഡിതന്മാർ നിയമാവർത്തനം 12-26 ലാണ്

ചെന്നെത്തിയത്. അങ്ങനെയെങ്കിൽ വാഗ്ദത്തദേശത്തു പ്രവേശിക്കുമ്പോൾ അവിടെ ചെയ്യണമെന്ന് മോശ നിയ 12-26 ൽ കല്പിച്ചിരിക്കുന്നതായി വിവരിക്കുന്ന കാര്യങ്ങളാണു ജോസിയാ ചെയ്തത്. ഈ ഗ്രന്ഥവും ഇതിലെ നിർദ്ദേശങ്ങളും അന്നുവരെയുള്ള രാജാക്കന്മാർക്കും ജനത്തിനും അപരിചിതമായിരുന്നതിനാൽ ആയിരിക്കണം ദൈവത്തോടു വിശ്വസ്തനായ ജോസിയായ്ക്കും പുരോഹിതർക്കും ആ ഗ്രന്ഥം ആദ്യം കണ്ടപ്പോൾ മനസ്സിലാകാതെ പോയത്. അതുകൊണ്ടാണു പണ്ഡിതന്മാർ നിയ 12-26 നെ പഞ്ചഗ്രന്ഥത്തിലെ ആദ്യ ഗ്രന്ഥമായി കണക്കാക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ കേന്ദ്ര ആശയം ഏകദൈവ വിശ്വാസമാണ്. ഇസ്രായേലിന്റെ അനുദിന പ്രാർത്ഥനയായി മാറിയ ''ഷമാ ഇസ്രായേലിൽ'' ഈ യാഥാർത്ഥ്യം വ്യക്തമായിക്കാണാം: ''ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്'' (6:4). ആ സത്യദൈവത്തിനു രൂപമില്ല: ''അപ്പോൾ അഗ്നിയുടെ മദ്ധ്യത്തിൽ നിന്ന് കർത്താവു നിങ്ങളോടു സംസാരിച്ചു. നിങ്ങൾ ശബ്ദം കേട്ടു - ശബ്ദം മാത്രം; രൂപംകണ്ടില്ല'' (4:12, 15-24). അതുകൊണ്ടു വിഗ്രഹങ്ങളുണ്ടാക്കരുത്.

ദൈവം ഏകനാണെന്ന ദൈവശാസ്ത്ര വീക്ഷണത്തിന്റെ പ്രായോഗിക പ്രതിഫലനമായിരുന്നു ഏകദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനു ഭൂമിയിൽ ഒരു ദേവാലയമേ പാടുള്ളൂ എന്ന ചിന്ത. തത്ഫലമായി ഇസ്രായേലിലെ എല്ലാ പരമ്പരാഗത ആരാധനാസ്ഥലങ്ങളും തകർക്കപ്പെടുകയും ദൈവം തെരഞ്ഞെടുത്തു എന്നു പറയുന്ന ജെറുസലെമിലെ ആലയത്തിൽ മാത്രമായി കർത്താവിനുള്ള ആരാധന പരിമിതപ്പെടുത്തുകയും ചെയ്തു (നിയ 12:1-7). ജോസിയ നശിപ്പിച്ച ആരാധനാലയങ്ങളുടെ കൂട്ടത്തിൽ യാക്കോബ് ദൈവത്തെക്കണ്ടുമുട്ടിയ ബേഥേലും, ഏലിയ ബലിയർപ്പിച്ച കർമ്മല മലയും ജോഷ്വ ജനത്തെക്കൊണ്ട് ഉടമ്പടി ചെയ്യിച്ച ഷെക്കെമും എല്ലാം ഉൾക്കൊള്ളുന്നതിനാലാണ് ഇക്കാലഘട്ടങ്ങൾക്കെല്ലാം ശേഷം ജന്മമെടുത്തതായിരിക്കണം ഈ നിയമഗ്രന്ഥം എന്നു പണ്ഡിതന്മാർ കരുതുന്നത്.

എന്നാൽ ഏകദൈവ വിശ്വാസവും ഏകദൈവത്തിന് ഏക ആരാധനാസ്ഥലമെന്ന ആശയവും ഉൽപത്തിയുടെ ആദ്യ അധ്യായം മുതൽ പ്രതിഫലിക്കുന്നുണ്ട്. നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരാണ് ഉൽപത്തി മുതലുള്ള പിതാക്കന്മാരുടെ ചരിത്രം ക്രോഡീകരിച്ചത് എന്നിതു വ്യക്തമാക്കുന്നു. അത്തരത്തിലുള്ള ഒരു ദൈവശാസ്ത്ര ചിന്ത വികാസം പ്രാപിച്ചത് ഹെസക്കിയാ-ജോസിയാ രാജാക്കന്മാരുടെ കാലത്താണ്. അന്നുവരെയും ഇസ്രായേലിൽ അനേകം ബലിപീഠങ്ങളും അവിടെയെല്ലാം ''ശരിയായ'' ആരാധനയും നടന്നു പോന്നിരുന്നു (ഉദാ. ഏലിയാ ബലിയർപ്പിച്ച കർമ്മല മലയിലെ ബലിപീഠം (1രാജ 18:32) യാക്കോബു ബലിയർപ്പിച്ച ബേഥേൽ (ഉൽപ 28:17), സോളമൻ ബലിയർപ്പിച്ച ഗിബയോൺ (1രാജ 3:4)).

നിയമാവർത്തനത്തിനു മുമ്പുള്ള നാലു ഗ്രന്ഥങ്ങളിലും ''തോറ'' എന്ന ഹെബ്രായവാക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും അപ്പോഴെല്ലാം അതിന്റെ അർത്ഥം ഉപദേശം എന്നുമാത്രമാണ് (ലേവ്യ 6:2; 7:1, 11, 18; 12:7; 13:9; 14:2; 32, 54; സംഖ്യ 5:29; 6:13, 21; കാണുക ഉൽപ 26:5; പുറ 16:28; 18:20; ലേവ്യ 26:46). തോറ എന്ന വാക്കിനു ഉപദേശം എന്നതിൽനിന്നു വ്യത്യസ്തമായി നിയമഗ്രന്ഥം എന്ന അർത്ഥം ലഭിച്ചത് ജോസിയായുടെ കാലത്താണ്. തോറ എന്നു വിളിക്കപ്പെട്ടിരുന്ന നിയമാവർത്തനത്തോടു ചേർക്കപ്പെട്ടപ്പോഴാണ് മറ്റു നാലുഗ്രന്ഥങ്ങൾക്കു (ഉല്പ-സംഖ്യ) ''നിയമം'' എന്ന പേരു കൈവന്നത് എന്നനുമാനിക്കുന്നതിൽ തെറ്റില്ല. ജോസിയയുടെ കാലത്തെ നിയമഗ്രന്ഥത്തിന്റെ കണ്ടെത്തൽ ഇസ്രായേൽ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമായിരുന്നു.

നിയമഗ്രന്ഥത്തിന്റെ (നിയ 12-26) ആഗമനം (ജോസിയയുടെ കാലം) ഇസ്രായേലിന്റെ മതചരിത്രത്തിൽ വിപ്ലവകരമായ പല മാറ്റങ്ങളും വരുത്തി (നിയ 12:1-14; 12:21, 27; 14:22-26; 15:19-22; 16:1-9; 16:11, 13-17, 21-22 മുതലായവ). തൽഫലമായി ജറെമിയായും എസക്കിയേലും രണ്ടാം ഏശയ്യായും മറ്റ് നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരും ഉപാധികളില്ലാത്ത ഏക ദൈവ വിശ്വാസം പ്രഘോഷിച്ചു. കർത്താവു മാത്രമാണ് ഏക ദൈവം എന്നവർ പഠിപ്പിച്ചു തുടങ്ങി (നിയ 4:39; 32:39, ഏശ 43:10-13, 45:19-25; ജെറ 25:6; 35:5; 10:11; 19:13; 16:19-20; 44:1-7; 8:14; 9:13-14; 23:15; എസ 8:1-18; 14:4-11; 20:1-30 മുതലായവ).

ഇസ്രായേലിന്റെ ആദ്യകാല ചരിത്രം പരിശോധിച്ചാൽ അന്യജനതകളുടെ ദേവന്മാരെക്കുറിച്ച് അവർ കാര്യമായ ചിന്തകൾ ഉള്ളവരായിരുന്നില്ല എന്നു കാണാം. ഇസ്രായേലിന് ഒരു ദൈവം മാത്രമേ ഉണ്ടാകാവൂ എന്ന ചിന്ത മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. ന്യായധിപന്മാരുടെ കാലത്തും (''അങ്ങനെ ഇസ്രായേലിൻെറ ദൈവമായ കർത്താവുതന്നെ തൻെറ ജനമായ ഇസ്രായേലിൻെറ മുമ്പിൽനിന്ന് അമോര്യരെ തുരത്തിയിരിക്കെ നീ അവ കൈവശമാക്കാൻ

പോകുന്നുവോ? നിൻെറ ദൈവമായ കെമോഷ് നിനക്കു തരുന്നതു നീ കൈവശം വയ്ക്കുന്നില്ലേ? ഞങ്ങളുടെ ദൈവമായ കർത്താവ് ഞങ്ങൾക്ക് ഒഴിപ്പിച്ചു തരുന്നതൊക്കെ ഞങ്ങൾ കൈവശമാക്കും''; ന്യായ 11:23-24) രാജവാഴ്ചയുടെ കാലത്തുമെല്ലാം (''എല്ലാ ജനതകളും തങ്ങളുടെ ദൈവത്തിൻെറ നാമത്തിൽ ചരിക്കുന്നു. നാം നമ്മുടെ ദൈവമായ കർത്താവിൻെറ നാമത്തിൽ എന്നെന്നും വ്യാപരിക്കും''; മിക്ക 4:5) ഇതായിരുന്നു അവരുടെ പൊതുധാരണ (ഉദാ.) എന്നാൽ വിപ്രവാസത്തിനുമുമ്പ് (ബി.സി. 587) ഹോസിയ പ്രവാചകനിൽ ആരംഭിക്കുകയും പിന്നീടു ഹെസക്കിയ ജോസിയ രാജാക്കന്മാരുടെ കാലത്തു ശക്തിപ്രാപിക്കുകയും ചെയ്ത ഒരു ദൈശാസ്ത്ര വീക്ഷണമായിരുന്നു ലോകത്താകമാനം ഒരു ദൈവമേ ഉള്ളുവെന്നതും അത് ഇസ്രായേലിന്റെ ദൈവമായ കർത്താവാണെന്നതും: ''നീ ഈജിപ്ത് ദേശത്തായിരുന്ന നാൾമുതൽ നിൻെറ ദൈവമായ കർത്താവു ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെ നീ അറിയുന്നില്ല. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല'' (ഹോസി 13:4).

ലോകത്ത് ഒരു ദൈവമേ ഉള്ളുവെങ്കിൽ ആ ദൈവത്തിനു ഭൂമിയിൽ വസിക്കാൻ ഒരാലയം മതി. വിപ്ലവകരമായ ഈ ദൈവശാസ്ത്രമാണ് ജോസിയായുടെ കാലത്തു ദേവാലയത്തിൽനിന്നു കണ്ടെടുത്ത നിയമാവർത്തന നിയമ സംഹിതയിലുണ്ടായിരുന്നത്. തത്ഫലമായി കർത്താവിനുള്ള ആരാധന ജെറൂസലെം ദേവാലയത്തിൽ മാത്രം കേന്ദ്രീകൃതമായി. നൂറ്റാണ്ടുകളായി നിയമപരമായിക്കരുതപ്പെട്ടിരുന്ന ആരാധനാ സ്ഥലങ്ങളും ആരാധനാരീതികളും ഇതോടെ നിയമ വിരുദ്ധമായിക്കരുതപ്പെട്ടു (നിയ 12-13). നിയമാവർത്തന ദൈവശാസ്ത്രജ്ഞരുടെ ഈ നീക്കമാണ് ഇസ്രായേലിനെ ഏകദൈവ വിശ്വാസം ഉദ്ഘോഷിക്കുന്ന യഹൂദമതമാക്കി വിപ്രവാസകാലശേഷം രൂപാന്തരപ്പെടുത്തിയത് (Monolatry to Monotheism). ലോകത്ത് അനേകം ദൈവങ്ങളുണ്ടെന്നും എന്നാൽ ഇസ്രായേലിന് ഒരു ദൈവം മാത്രമേയുള്ളുവെന്നുമാണ് അന്നുവരെ അവർ വിശ്വസിച്ചിരുന്നത്.

## അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം

നിയമാവർത്തകന്റെ ചിന്തയുടെ അടിസ്ഥാനപരമായ ഒരു വെളിപ്പെടുത്തൽ നിയ 4:32-40 ൽ കാണാം: ''കഴിഞ്ഞകാലത്തെപ്പറ്റി, ദൈവം മനുഷ്യനെ ഭൂമുഖത്തു സൃഷ്ടിച്ചതു മുതലുള്ള കാലത്തെപ്പറ്റി, ആകാശത്തിൻെറ ഒരറ്റംമുതൽ മറ്റേയറ്റംവരെ ചോദിക്കുക; ഇതുപോലൊരു മഹാസംഭവം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇതുപോലൊന്നു കേട്ടിട്ടുണ്ടോ? ഏതെങ്കിലും ജനത എന്നെങ്കിലും അഗ്നിയുടെ മധ്യത്തിൽനിന്നു സംസാരിക്കുന്ന ദൈവത്തിൻെറ ശബ്ദം നിങ്ങൾ കേട്ടതുപോലെ കേൾക്കുകയും പിന്നെ ജീവിച്ചിരിക്കുകയും ചെയ്തിട്ടുണ്ടോ? നിങ്ങളുടെ ദൈവമായ കർത്താവ് ഈജിപ്തിൽ വച്ചു നിങ്ങൾ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ മഹാമാരികൾ, അടയാളങ്ങൾ, അദ്ഭുതങ്ങൾ, യുദ്ധങ്ങൾ, കരബലം, ശക്തിപ്രകടനം, ഭയാനക പ്രവൃത്തികൾ എന്നിവയാൽ തനിക്കായി ഒരു ജനതയെ മറ്റൊരു ജനതയുടെ മധ്യത്തിൽനിന്നു തിരഞ്ഞെടുക്കാൻ ഏതെങ്കിലും ദൈവം എന്നെങ്കിലും ഉദ്യമിച്ചിട്ടുണ്ടോ? കർത്താവാണു ദൈവമെന്നും അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ലെന്നും നിങ്ങൾ അറിയാൻ വേണ്ടിയാണ് ഇവയെല്ലാം നിങ്ങളുടെ മുൻപിൽ കാണിച്ചത്. നിങ്ങളെ പഠിപ്പിക്കാൻ ആകാശത്തുനിന്ന് തൻെറ സ്വരം നിങ്ങളെ കേൾപ്പിച്ചു. ഭൂമിയിൽ തൻെറ മഹത്തായ അഗ്നി കാണിച്ചു. അഗ്നിയുടെ മധ്യത്തിൽ നിന്ന് അവിടുത്തെ വാക്കുകൾ നിങ്ങൾ കേട്ടു. അവിടുന്നു നിങ്ങളുടെ പിതാക്കൻമാരെ സ്നേഹിച്ചതുകൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു; അവിടുന്നു തൻെറ മഹാശക്തിയും സാന്നിധ്യവും പ്രകടമാക്കിക്കൊണ്ട് നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവരുകയും ചെയ്തു. നിങ്ങളെക്കാൾ വലിയവരും ശക്തരുമായ ജനതകളെ നിങ്ങളുടെ മുൻപിൽനിന്നു നീക്കിക്കളയാനും നിങ്ങളെ കൊണ്ടുവന്ന് ഇന്നത്തെതുപോലെ അവരുടെ ദേശം നിങ്ങൾക്ക് അവകാശമായി തരാനുംവേണ്ടി ആയിരുന്നു അത്. മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ. ആകയാൽ, നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നൻമയുണ്ടാകാനും ദൈവമായ കർത്താവു നിങ്ങൾക്കു ശാശ്വതമായി തരുന്ന ദേശത്തു ദീർഘകാലം വസിക്കാനുംവേണ്ടി കർത്താവിൻെറ ചട്ടങ്ങളും പ്രമാണങ്ങളും പാലിക്കുവിൻ എന്നു ഞാൻ നിങ്ങളോടു കൽപിക്കുന്നു'' (നിയ 4:32-40).

ജനത്തെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചുകൊണ്ട് ഏകദൈവമായ കർത്താവു തന്റെ ശക്തി തെളിയിക്കുകയായിരുന്നു. ഈജിപ്തിൽ നിന്നുള്ള മോചനവും മരുഭൂമിയിലൂടെ നയിച്ചതും ജന

ത്തിനു വാഗ്ദത്തദേശം നൽകിയതും മറ്റൊരു ദൈവമില്ല എന്നു ജനം തിരിച്ചറിയുന്നതിനുവേണ്ടി യായിരുന്നു: ''മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ'' (4:39). മറ്റു ജനങ്ങൾക്കും ദേശങ്ങൾക്കും സൂര്യ നെയും ചന്ദ്രനെയുംപോലെ ആരാധിക്കാനുള്ള വസ്തുക്കൾ നൽകിയതും കർത്താവു തന്നെയാ ണ് (2:9, 19; 4:19; 29:26; 32:8). ഇതു കർത്താവിന്റെ സാർവ്വത്രിക അധികാരമാണു കാണിക്കുന്നത്: ''നിങ്ങൾ ആകാശത്തിലേക്കു കണ്ണുകൾ ഉയർത്തി സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും - എല്ലാ ആകാശഗോളങ്ങളെയും - കണ്ട് ആകൃഷ്ടരായി അവയെ ആരാധിക്കുകയും സേവിക്കുകയും ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുവിൻ. അവ ആകാശത്തിൻെറ കീഴിലുള്ള എല്ലാ ജനതകൾക്കുംവേണ്ടി നിങ്ങളുടെ ദൈവമായ കർത്താവു നൽകിയിരിക്കുന്നവയാണ്'' (4:19). ഇസ്രായേൽ അന്യദൈവങ്ങളെ ആരാധിച്ചാൽ സർവ്വാധികാരി യായ കർത്താവു മഴ തടഞ്ഞു വയ്ക്കുകയും ഇസ്രായേലിനെ ശിക്ഷിക്കുകയും ചെയ്യും (11:13-17). ഉടമ്പടിയുടെ ജനമായ അവർ എപ്പോഴും അനുസ്മരിക്കേണ്ടത് കർത്താവാണ് ഏകദൈവമെന്നാണ് (6:4). ഏകദൈവമാണു കർത്താവെന്ന നിയമാവർത്തന തത്വമാണു യഹൂദമതത്തിന്റെ അടി സ്ഥാനം. ഈ തത്വമാണു നിയമാവർത്തനഗ്രന്ഥം പലവിധത്തിൽ പഠിപ്പിക്കുന്നത്.

## ഏകദൈവവിശ്വാസം

നിയമാവർത്തന ഗ്രന്ഥത്തിലെ അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം ഏകദൈവവിശ്വാസമാണ്. മറ്റ് ആശയങ്ങൾ ഈ അടിസ്ഥാന വീക്ഷണത്തോടു ചേർന്നു നില്ക്കുന്നവ മാത്രമാണ് (28:14). എല്ലാത്തരത്തിലുമുള്ള വിഗ്രഹാരാധനയും നിരോധിച്ചുകൊണ്ടാണ് ദൈവം ഈ ഗ്രന്ഥത്തിൽ തന്റെ നിയമങ്ങൾ നല്കുന്നത് (4:15-40; 5:7-10; 6:4-9, 14-15; 7:16; 9:12;11:18; 12:29-31; 23:17). ദേവന്മാ രെന്നറിയപ്പെടുന്നത് ദൈവങ്ങളല്ല. വിഗ്രഹങ്ങളാണു ലോകത്തിലെ ഏറ്റവും മ്ലേഛമായ വസ്തു (7:25-26; 9:21; 11:16; 13:12-16). ദൈവം ഏകനായതിനാലാണ് അവിടുത്തെ നിയമങ്ങൾ അനുസരിക്കു കയെന്നത് മനുഷ്യന് അനിവാര്യമാകുന്നത് (32:36-39). ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ സന്ദേശം കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവർ ഉടമ്പടിയുടെ സമൂഹത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടണം (13:6-11; 17:1-5).

ഏകദൈവവിശ്വാസം ജന്മമെടുത്തതിന്റെ ഫലമായി ഏകദൈവത്തിന്റെ പുരോഹിതൻ നീതി യുടെമേൽ വിധിതീർക്കാൻ കഴിവുള്ള ഏറ്റവും പ്രധാന വ്യക്തിയായി മാറി (17:8-10). നിയമാ വർത്തന ദൈവശാസ്ത്രജ്ഞർ ഇസ്രായേലിലെ രാജാക്കന്മാർക്കും ഒരു പെരുമാറ്റച്ചട്ടം ഏർപ്പെ ടുത്തി (17:14-20). ഇസ്രായേലിലെ പ്രവാചകവൃത്തിക്ക് മുകളിലും അവർ നിയന്ത്രണങ്ങൾ ഏർപ്പെ ടുത്തി. പ്രവാചകരുടെ സത്യസന്ധത അളക്കുവാനുള്ള അളവുകോലായി ഏകദൈവ വിശ്വാസം കണക്കാക്കുകയും അവർ നടത്തിയ പ്രവചനങ്ങളുടെ പൂർത്തീകരണം ഓരോ പ്രവാചകന്റെയും വിശ്വാസ്യതയുടെ അളവുകോലായി കരുതുകയും ചെയ്തു (13:1-5; 18:20-22). ഏകദൈവ വിശ്വാസ പ്രഖ്യാപനത്തിന്റെ ഫലമായി ദേവന്മാർക്കുള്ള ബലിയർപ്പണം, മന്ത്രവാദം, പ്രശ്നം വയ്ക്കൽ, ലക്ഷണം പറച്ചിൽ, ആഭിചാരം, വെളിച്ചപ്പാട്, ക്ഷുദ്രക്കാരൻ, മൃതസന്ദേശവിദ്യ എന്നിവയെല്ലാം ഇസ്രായേലിൽ നിഷിദ്ധമായി (18:9-13). ഏകദൈവത്തെ അംഗീകരിക്കാത്ത എല്ലാ രജ്യങ്ങളെയും നശിപ്പിക്കണമെന്ന ചിന്ത ജന്മമെടുത്തു (20:17-18; 29:16-18). മൃതസന്ദേസവിദ്യ അഭ്യസിച്ചിരുന്ന ജന തകളുടെ മധ്യേ ജീവിച്ചിരുന്ന ഇസ്രായേലിൽ മരണവുമായി ബന്ധപ്പെട്ട എല്ലാ ശേഷക്രിയകളും ആരാധനാ വിധികളും നിഷിദ്ധമാക്കപ്പെട്ടു (26:14).

ദൈവകല്പനകൾ സത്യസന്ധമായി പാലിക്കുന്നില്ലെങ്കിൽ അവർ ഏറ്റവും വലിയ തിന്മയായ വിഗ്രഹാരാധനയ്ക്കായി കൈവിടപ്പെടുമെന്ന് ഇസ്രായേലിനു ദൈവം മുന്നറിയിപ്പു നല്കി (8:19; 28:15-37; 29:24-26). ഇസ്രായേൽ ജനത്തെ വിഗ്രഹാരാധനയെന്ന തെറ്റിനെക്കുറിച്ച് അവബോധമുള്ള വരാക്കാൻ ഒരു ഗാനമെഴുതി ദൈവം അതു മോശയെ പഠിപ്പിച്ചു; ഈ ഗാനം ഇസ്രായേൽ ജനത്തെ പഠിപ്പിക്കാൻ ദൈവം മോശയോടു കല്പിച്ചു (31:14-19; 32:12, 16-17, 21, 37, 39). ദൈവത്തിനുള്ള ഇസ്രായേലിന്റെ ആരാധന മുഴുവൻ ജറൂസലെമിൽ കേന്ദ്രീകരിച്ചു കഴിഞ്ഞപ്പോൾ ജറൂസലെം ദേവാലയത്തിലെ പ്രധാന ആകർഷണവസ്തു അവിടെ സ്ഥാപിച്ചിരുന്ന ദൈവിക നിയമമായി മാറി (31:9-13). ഈ ഏകദൈവചിന്തയുടെ അടിസ്ഥാന തത്വങ്ങളാണ് നിയ 12-26ൽ കാണുന്നത്.

# ഏകദൈവ വിശ്വാസപ്രഖ്യാപനത്തിന്റെ ഫലങ്ങൾ

**ദൈവം**

ദൈവം ഏകനാണെന്നു പറയുന്നതോടൊപ്പം സത്യദൈവത്തിനു രൂപമില്ല എന്നും ദൈവം മനുഷ്യനു പ്രാപ്യനാകുന്നത് അവിടുത്തെ വചനത്തിലൂടെയാണെന്നും നിയമാവർത്തകൻ പറഞ്ഞു: ''അപ്പോൾ അഗ്നിയുടെ മദ്ധ്യത്തിൽനിന്നു കർത്താവു നിങ്ങളോടു സംസാരിച്ചു. നിങ്ങൾ ശബ്ദംകേട്ടു - ശബ്ദം മാത്രം; രൂപംകണ്ടില്ല... രൂപംകണ്ടില്ല'' (4:12, 15). ഉദാ. പഴയകാലത്തെ മനുഷ്യരുപമുള്ളവനും ദൃശ്യനുമായ ദൈവം അപ്രത്യക്ഷനായി (ഉദാ. ഉൽപത്തി 2). ദൈവം അരൂപിയും സർവ്വവ്യാപിയും സർവ്വാധികാരിയുമാണെന്നു പറഞ്ഞുകൊണ്ട്. നിയമാവർത്തകൻ ദൈവത്തെക്കുറിച്ചുള്ള പഴയകാല ചിന്ത (ഉൽപ-സംഖ്യ) തിരുത്തുകയായിരുന്നു.

ഏകദൈവവിശ്വാസം ഉറപ്പിച്ചു പറയുമ്പോഴും ഇസ്രായേലിന്റെ പാരമ്പര്യത്തിലുണ്ടായിരുന്ന പഴയ ബഹുദൈവ ചിന്തകളും ദൈവത്തെ മനുഷ്യന്റെ രൂപത്തിൽ കാണുന്ന രീതിയും ഗ്രന്ഥത്തിൽ ഇടയ്ക്കിടെ തെളിഞ്ഞു നിൽക്കുന്നതു കാണാം: തൽഫലമായി ദൈവത്തിന്റെ അധരങ്ങളെക്കുറിച്ചും (8:3) കൈകളെക്കുറിച്ചും (4:34; 5:15; 7:19; 11:2; 26:8) കൈവിരലുകളെക്കുറിച്ചും (9:10) ദൈവം നടക്കുന്നതിനെക്കുറിച്ചും (23:14) ദൈവത്തിന്റെ നോട്ടത്തെക്കുറിച്ചുമെല്ലാം ഗ്രന്ഥകാരൻ സംസാരിക്കുന്നുണ്ട്. എന്നാൽ ഇങ്ങനെയെല്ലാം പറയുമ്പോൾ അദ്ദേഹം ദൈവത്തിന്റെ ഒരു ചിത്രം വരയ്ക്കാൻ ശ്രമിക്കുകയല്ല ചെയ്യുന്നത്, മറിച്ച് അവിടുത്തെ പ്രവർത്തനരീതി വിശദീകരിക്കുക മാത്രമാണ്.

*ദൈവം നീതിമാനാണ്*: ദൈവത്തിന്റെ സ്വഭാവപ്രത്യേകതകളെക്കുറിച്ചു നിയമാവർത്തന ഗ്രന്ഥം താത്വികമായി ഒന്നും വിശദീകരിക്കുന്നില്ല. എന്നാൽ ദൈവം ചെയ്ത പല വലിയ കാര്യങ്ങളും വിശദീകരിക്കുന്നതോടൊപ്പം അത് എങ്ങനെയാണു ചെയ്തതെന്നും പറയുന്നുണ്ട്. നീതിമാനായ ദൈവം നന്മയുമാണ്. ദൈവം പാറയാണ് (32:4) എന്നതിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഈ നീതിയാണ്. പാറപോലെ ഉറച്ചതായതുകൊണ്ടു പക്ഷപാതം അവിടുത്തെ സ്പർശിക്കുകയില്ല (10:12-22). അനാഥനും വിധവക്കും പരദേശിക്കുമെല്ലാം അവിടുന്നു നീതി നടത്തിക്കൊടുക്കുകയും ചെയ്യും (10:17-18). ദൈവത്തിന്റെ നീതിയുടെ പ്രതിഫലനമാണു ദൈവം നല്കിയ നിയമങ്ങൾ (4:8).

കാനാനിലുള്ള വിജാതിയരെയെല്ലാം നിർമ്മാർജ്ജനം ചെയ്യണമെന്ന (ഹേരെം) നിയമവും (20:16-18; 1:30; 31:3) ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന തത്വവും ദൈവത്തിന്റെ നീതിയുമായി എങ്ങനെയാണു ചേർന്നുപോകുന്നത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. എന്നാൽ അന്യ ദേശക്കാരെ ദൈവം നശിപ്പിക്കുന്നത് ഇസ്രായേലിന്റെ നന്മയുടെ ഫലമായിട്ടല്ല മറിച്ച് അവരുടെ തിന്മ നിമിത്തമാണ് (9:5; ഉൽപ 15:12). ഇസ്രായേൽ പാപം ചെയ്തപ്പോൾ അവർക്കെതിരേ യുദ്ധം ചെയ്ത അസ്സീറിയയെയും ബാബിലോണിനെയും ദൈവത്തിന്റെ ശിക്ഷാവിധിയുടെ ഉപകരണം എന്നാണു പ്രവാചകന്മാർ വിശേഷിപ്പിച്ചത് (ഏശ 10:5).

ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹവും അവരുടെ തിരഞ്ഞെടുപ്പുമാണു പ്രധാന ചർച്ചാവിഷയം. നിയമാവർത്തന ചിന്തയനുസരിച്ചു ദൈവം പിതാക്കന്മാരോടു ചെയ്ത വാഗ്ദാനവും അവിടുത്തേക്ക് അവരോടുള്ള സ്നേഹവും വിശ്വസ്തതയുമാണ് ഇസ്രായേലിനെ തന്റെ സ്വന്തമായി തിരഞ്ഞെടുക്കാൻ ദൈവത്തെ പ്രേരിപ്പിച്ചത് (4:37; 7:8, 13; 10:15).

**ഉടമ്പടി**

ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് എന്ന ആശയം ഉടമ്പടിയുമായി ബന്ധപ്പെട്ടതാണ്. ഉടമ്പടി (ബെറീത്ത്) എന്ന വാക്കു ഗ്രന്ഥത്തിൽ 27 പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. ഹോറെബിലെ ഉടമ്പടിയെക്കുറിച്ചും (4:23; 5:2; 29:1; 31:16, 20) പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയെക്കുറിച്ചും (4:31; 7:12; 8:18) ഗ്രന്ഥം വിവരിക്കുന്നുണ്ട്. പത്തു കൽപ്പനകളെ ഉടമ്പടി എന്നാണു ഗ്രന്ഥം വിളിക്കുന്നത് (4:13; 9:9, 11, 15). ഇസ്രായേൽ ദൈവവുമായി ചെയ്ത ഉടമ്പടി ലംഘിക്കരുത് (29:24-25; 31:16, 24-29). തിരഞ്ഞെടുപ്പു നടന്നതിനുശേഷമാണ് ഉടമ്പടി നടന്നതെങ്കിലും ജനം സ്വതന്ത്രമായാണ് ഉടമ്പടിയിലേർപ്പെട്ടത്.

**ദേവാലയം**

ദൈവം ഏകനാണെന്ന ചിന്തയിൽനിന്നു മറ്റു പല ദൈവശാസ്ത്ര ദർശനങ്ങളും ജന്മമെടുക്കുന്നുണ്ട്. മനുഷ്യരൂപമുള്ളവനും ദൃശ്യനുമായ ദൈവം അപ്രത്യക്ഷനായി. തത്ഫലമായി ദേവാലയം ദൈവത്തിന്റെ വാസസ്ഥലമല്ല മറിച്ച് ദൈവം തന്റെ നാമം സ്ഥാപിക്കാനായി തിരഞ്ഞെടുത്ത ഏക സ്ഥലം മാത്രമായിത്തീർന്നു. ആരാധനക്ക് ആ സ്ഥലം മാത്രമേ ആവശ്യമുള്ളൂ. ദേവാലയത്തെക്കുറിച്ചു പറയുന്ന എല്ലാ അവസരങ്ങളിലും നിയമാവർത്തന ഗ്രന്ഥകാരൻ അതിനെ *ദൈവം തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുത്ത സ്ഥലമായി* മാത്രമാണു കാണുന്നത്. ദൈവം തന്റെ ആലയത്തിൽ വസിക്കുന്നുവെന്ന പഴയകാലചിന്ത (ലേവ്യ 1:1) പൂർണമായും ഒഴിവാക്കപ്പെട്ടു. ദേവാലയം ദൈവത്തിന്റെ നാമം വസിക്കുന്നസ്ഥലമാണ്. അതു ദൈവനാമം സ്ഥാപിക്കപ്പെട്ട സ്ഥലമാണ് (12:21, 14:23, 16:11).

**പാപം**

ഉടമ്പടിയുടെ ദർശനവുമായി ബന്ധപ്പെട്ടാണു പാപം എന്താണെന്നു മനസ്സിലാക്കാൻ കഴിയുന്നത്. നിയമാവർത്തകന്റെ ചിന്തയനുസരിച്ച് ഏറ്റവും വലിയ പാപം വിഗ്രഹാരാധനയാണ്. കാരണം അത് ഉടമ്പടിയുടെ ആദ്യത്തെ മൂന്നു വ്യവസ്ഥകളെയും (പ്രമാണങ്ങളെയും) തിരസ്കരിക്കുന്നു (6:4-5). ദൈവത്തെ മറക്കുകയും അന്യ ദൈവങ്ങളെ ആരാധിക്കുകയും ചെയ്യാനുള്ള വലിയ പ്രലോഭനം ഇസ്രായേലിനുണ്ടാകും (4:15-24; 7:4-5; 12:29-31). വിഗ്രഹാരാധനയിലേയ്ക്കു ജനത്തെ നയിക്കുന്ന ഏതൊരുവനും വധശിക്ഷ നൽകണമെന്നതായിരുന്നു നിയമം (13:5, 10, 15; 17:7). ലോകത്തിലെ ഏറ്റവും അശുദ്ധമായ വസ്തു ഒരു വിഗ്രഹമാണ് (7:25, 26; 12:31; 14:3; 17:1, 4; 18:9, 12; 20:18; 22:5; 27:15). പരിശുദ്ധനായ ഏകദൈവത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അരോചകമായ വസ്തുവാണത്.

ജനം വിഗ്രഹാരാധന നടത്തുകയും അങ്ങനെ ദൈവവുമായി ചെയ്ത ഉടമ്പടി ലംഘിക്കാൻ ഇട വരികയും ചെയ്താൽ ദൈവം അവരെ അന്യരാജ്യങ്ങളിലേയ്ക്കു ചിതറിച്ചു കളയും. അവിടെ അവർ പ്രയോജന രഹിതങ്ങളായ വിഗ്രഹങ്ങളെ ആരാധിക്കാൻ കൈവിടപ്പെടും (4:25-30). എങ്കിലും അവിടെവച്ച് അവർ അനുതപിക്കുകയും പൂർണ്ണഹൃദയത്തോടെ കർത്താവിങ്കലേയ്ക്കു തിരിയുകയും ചെയ്താൽ അവിടുന്ന് അവരോടു കരുണ കാണിക്കും (4:31). അപ്പോൾ ദൈവം അവരുടെ ഹൃദയങ്ങളെ പരിച്ഛേദന വിധേയമാക്കുകയും അവർക്കു പുതുജീവൻ നൽകുകയും ചെയ്യും (30:1-10).

വിഗ്രഹാരാധനപോലെ തന്നെ തിന്മയായി കരുതപ്പെട്ട പാപമാണു കർത്താവിൽ വിശ്വസിക്കാതിരിക്കുക എന്നത്. ജീവന്റെയും ചരിത്രത്തിന്റെയും നിയന്താവു കർത്താവാണ്. ദൈവത്തെ അവിശ്വസിച്ച പുറപ്പാടിലെ ആദ്യ തലമുറയ്ക്കു വാഗ്ദത്തദേശത്തു പ്രവേശിക്കാൻ കഴിഞ്ഞില്ല.

ദൈവത്തോടുള്ള വിശ്വസ്തതയോടൊപ്പംതന്നെ വിശ്വാസിക്കു സഹോദരനോട് ഉത്തരവാദിത്വങ്ങളുമുണ്ട്. സഹോദരങ്ങളോടുള്ള കടമകളെപ്പറ്റി സംസാരിക്കുന്ന എഴുപതിലധികം നിയമങ്ങൾ നിയ 12-26ൽ ഉണ്ട്. സഹോദരങ്ങളുമായുള്ള ബന്ധത്തിൽ വരുന്ന പാളിച്ചകളും പാപമായി കരുതപ്പെട്ടിരുന്നു: "നിൻെറ ദൈവമായകർത്താവു നൽകുന്ന പട്ടണങ്ങളിൽ ഗോത്രംതോറും ന്യായാധിപൻമാരെയും സ്ഥാനികളെയും നിയമിക്കണം. അവർ ജനങ്ങൾക്ക് നിഷ്പക്ഷമായി നീതി നടത്തിക്കൊടുക്കട്ടെ. നിൻെറ വിധികൾ നീതി വിരുദ്ധമായിരിക്കരുത്. നീ പക്ഷപാതം കാട്ടുകയോ കൈക്കൂലി വാങ്ങുകയോ അരുത്. എന്തെന്നാൽ, കൈക്കൂലി ജ്ഞാനിയെ അന്ധനാക്കുകയും നീതി നിഷേധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നീ ജീവിച്ചിരിക്കുന്നതിനും നിൻെറ ദൈവമായ കർത്താവു തരുന്ന രാജ്യം കൈവശമാക്കുന്നതിനും വേണ്ടി നീതിമാത്രം പ്രവർത്തിക്കുക" (16:18-20; കാണുക 19:15-21). അനീതി ദൈവകൽപ്പനകളുടെ ലംഘനമായിരുന്നു.

പാവപ്പെട്ടവരെയും വിധവകളെയും അനാഥരെയും സംരക്ഷിക്കാൻ പ്രത്യേക നിയമങ്ങളുണ്ടായിരുന്നു: "പരദേശിക്കും അനാഥനും നീതി നിഷേധിക്കരുത്. വിധവയുടെ വസ്ത്രം പണയം വാങ്ങുകയുമരുത്. നീ ഈജിപ്തിൽ അടിമയായിരുന്നുവെന്നും നിൻെറ ദൈവമായ കർത്താവു നിന്നെ അവിടെനിന്നു മോചിപ്പിച്ചുവെന്നും ഓർക്കണം. അതുകൊണ്ടാണ് ഇങ്ങനെ ചെയ്യണമെന്നു നിന്നോടു ഞാൻ കൽപിക്കുന്നത്" (24:17-18; കാണുക 15:1-18;). കുറ്റക്കാരെ വിചാരണ ചെയ്യുമ്പോ

ൾ പ്രതികാരമനോഭാവം പുലർത്തിക്കൂടാ (19:1-13). ലൈംഗിക വിശുദ്ധിയും വിശ്വസ്തതയും അതി പ്രധാനമായി കരുതപ്പെട്ടു (22:13-30).

**വാഗ്ദാനപേടകം**

ദൈവം അദൃശ്യനാണ് എന്ന നിയമാവർത്തനചിന്ത വാഗ്ദാനപേടകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലും ദൃശ്യമാണ്. മുൻകാല ചിന്തയിൽനിന്നു വ്യത്യസ്തമായി പേടകം ദൈവത്തിന്റെ ഇരിപ്പിടമല്ലാതായി. വാഗ്ദനപേടകം ദൈവത്തിന്റെ യാത്രാരഥമാണെന്നു തോന്നിക്കുന്ന തരത്തിലുള്ള സ്വർണ്ണം പൂശലോ കെരൂബുകളുടെ രൂപങ്ങളോ ഒന്നുംതന്നെ നിയമാവർത്തന ഗ്രന്ഥകാരന്റെ പേടകവിവരണത്തിൽ കാണുന്നില്ല (പുറ 25:10-22). ഈ കാഴ്ചപ്പാടനുസരിച്ച് വാഗ്ദാനപേടകത്തിന് ഒരു ദൗത്യം മാത്രമേയുള്ളൂ: അതു കർത്താവിന്റെ നിയമത്തിന്റെ ഫലകങ്ങൾ സൂക്ഷിക്കുന്ന സ്ഥലം മാത്രമാണ് (10:1-5). അതായത്, ഏറ്റവും പൂജ്യമായി ഇസ്രായേൽ ജനം അന്നുവരെ കരുതിയിരുന്ന വിശുദ്ധവസ്തു അതിനെക്കാൾ വിശുദ്ധമായ (ഏകദൈവത്തിന്റെ) നിയമങ്ങൾ എഴുതിയ ഫലകങ്ങൾ സൂക്ഷിക്കുന്ന പേടകമായി അദ്ദേഹം കരുതി. നിയമഗ്രന്ഥം പേടകത്തോടു ചേർത്തു വയ്ക്കുകയും ചെയ്തു. ഈ നിയമം വായിക്കുമ്പോഴാണ് ജനം ദൈവത്തെക്കുറിച്ചു ജ്ഞാനികളാവുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്നത് (31:12, 13, 26).

പഴയ ചിന്തയനുസരിച്ചു ദൈവത്തിനു യാത്ര ചെയ്യാനുള്ള രഥമായിരുന്നു പേടകം (സംഖ്യ 10:33-36; 14:42-44; നിയ 1:42-43 താരതമ്യം ചെയ്തുവായിച്ചാൽ ഇതുവ്യക്തമാകും). ''കർത്താവിന്റെ വാഗ്ദാനപേടകം പാളയത്തിൽ നിന്നിറങ്ങിച്ചെന്നില്ല'' എന്നു സംഖ്യയുടെ ഗ്രന്ഥം പറയും (14:44); അതുകൊണ്ടാണ് ഇസ്രായേൽ പരാജയപ്പെട്ടത്. ഈ സംഭവം വിവരിക്കുമ്പോൾ ദൈവം അവരോടൊത്തുണ്ടായിരുന്നില്ല എന്നല്ലാതെ വാഗ്ദാനപേടകത്തെക്കുറിച്ച് നിയമാവർത്തന ഗ്രന്ഥകാരൻ ഒന്നും പറയുന്നില്ല.

അതുപോലെതന്നെ സംഖ്യയുടെ വിവരണമനുസരിച്ച് ഇസ്രായേലിന്റെ യാത്രയുടെ അവസരത്തിൽ അവർക്കു വിശ്രമസ്ഥലമന്വേഷിച്ചു പോയതു കർത്താവിന്റെ വാഗ്ദാനപേടകമാണ് (10:33). യുദ്ധത്തിനു പുറപ്പെടുമ്പോൾ എന്തുചെയ്യണമെന്നു മോശ നിർദ്ദേശങ്ങൾ നല്കുന്ന നിയമാവർത്തന വിവരണത്തിൽ (20:1-5) വാഗ്ദാനപേടകമേ ഇല്ല എന്നതു ശ്രദ്ധേയമാണ്. വാസ്തവത്തിൽ 1സാമു 4:6-7 പോലെ വാഗ്ദാനപേടകം സന്നിഹിതമാകേണ്ട ഒരു ഭാഗമാണിത്. എന്നാൽ ജനത്തോടൊത്തുള്ള ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചു മാത്രമേ നിയമാവർത്തന ഗ്രന്ഥകാരൻ സംസാരിക്കുന്നുള്ളൂ (20:1-5).

നിയമാവർത്തന ചിന്തകനായ ജറെമിയായിലും ഇതിനു സമാനമായ ദർശനം കാണാം: ''കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങൾ പെരുകി നാടുനിറഞ്ഞു കഴിയുമ്പോൾ കർത്താവിൻെറ സാക്ഷ്യപേടകത്തെപ്പറ്റി ആരും ഒന്നും പറയുകയില്ല. അവർ അതിനെപ്പറ്റി ചിന്തിക്കുകയോ, അത് ആവശ്യമെന്നു കരുതുകയോ ഇല്ല; മറ്റൊന്നു നിർമ്മിക്കുകയുമില്ല. കർത്താവിൻെറ സിംഹാസനമെന്ന് അന്നു ജറൂസലെം വിളിക്കപ്പെടും. സകല ജനതകളും അവിടെ കർത്താവിൻെറ *നാമത്തിൽ* സമ്മേളിക്കും. ഇനി ഒരിക്കലും അവർ തങ്ങളുടെ ദുഷ്ടഹൃദയത്തിൻെറ ഇംഗിതങ്ങൾക്കു വഴിപ്പെടുകയില്ല'' (3:16-17).

**രക്തം**

നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാർ ബലിയർപ്പണം ജറുസലെമിൽ മാത്രമായി പരിമിതപ്പെടുത്തി (നിയ 12). എന്നാൽ അതേ സമയം തന്നെ ബലിയ്ക്കുവേണ്ടിയല്ലാതെ മൃഗങ്ങളെ കൊല്ലാനുള്ള അനുവാദവും വിശ്വാസികൾക്കു നല്കി. നിയമാവർത്തന നിയമത്തിന്റെ ആവിർഭാവത്തിനു മുമ്പ് നായാട്ടിലൊഴികെ മറ്റൊരവസരത്തിലും മൃഗങ്ങളെ കൊല്ലാൻ ഇസ്രായേൽക്കാർക്ക് അനുവാദമുണ്ടായിരുന്നില്ല. ഒരു മൃഗത്തെ ഒരുവൻ കൊല്ലുന്നെങ്കിൽ അതിന്റെ രക്തം ബലിപീഠത്തിൽ തളിക്കാൻ അവൻ ബാധ്യസ്ഥനായിരുന്നു (ലേവ്യ 17:11-7; 1സാമു 14:32-35). അങ്ങനെ ചെയ്യുന്നില്ലെങ്കിൽ കൊല്ലുന്നയാൾ ആ രക്തത്തിന് ഉത്തരവാദിയായിത്തീരുമായിരുന്നു. എന്നാൽ രക്തം ബലിപീഠത്തിൽ തളിക്കാനുള്ള ഉത്തരവാദിത്വമില്ലാതെ മൃഗങ്ങളെകൊന്നു ഭക്ഷിക്കാൻ നിയമാവർത്തന നിയമം ജനത്തിന് അനുവാദം നല്കി (12:15, 16, 20-24). തത്ഫലമായി ഇസ്രയേൽ ജനത്തിന്റെ ജീവിതത്തിൽ വലിയ സ്വാതന്ത്ര്യമാണു ലഭ്യമായത്.

ലേവ്യരുടെ ഗ്രന്ഥത്തിലെ നിയമമനുസരിച്ച് ഒരുവൻ വളർത്തുമൃഗങ്ങളെ വധിച്ചാൽ അതിന്റെ രക്തം ബലിപീഠത്തിൽ തളിക്കേണ്ടിയിരുന്നു. നായാടിപ്പിടിക്കുന്ന മൃഗങ്ങളുടെ രക്തം അയാൾ മണ്ണിട്ടു മൂടുകയും വേണം (ലേവ്യ 17:13). കാരണം രക്തം ചിന്തുന്നത് പാപകരമാണ്. അതിനു പരിഹാരമായാണ് അത് അൾത്താരയിൽ ഒഴിക്കുന്നത്. അങ്ങനെ ബലിപീഠത്തിലൊഴിക്കാൻ കഴിയാത്ത നായാട്ടു മൃഗങ്ങളുടെ രക്തമാണു മണ്ണിട്ടു മുടേണ്ടിയിരുന്നത്. അങ്ങനെ ചെയ്യുന്നില്ലങ്കിൽ തുറന്ന സ്ഥലത്തു കിടക്കുന്ന രക്തം ദൈവസന്നിധിയിൽ പ്രതികാരത്തിനായി നിലവിളിക്കും (ജോഷ്വ 16:18; ഏശ 26:21; എസ 24:7-8). ജീവന്റെ വിളിയായതിനാൽ ദൈവം അതിനോടു പ്രതികരിക്കുകയും ചെയ്യും. ഒരു മനുഷ്യനാണു വധിക്കപ്പെടുന്നതെങ്കിൽ അതിന്റെ പ്രതികാരം ദൈവംതന്നെ ഏറ്റെടുക്കും. ഈ നിയമങ്ങളെല്ലാം തിരസ്കരിച്ചുകൊണ്ട് ബലിയ്ക്കല്ലാതെ മൃഗങ്ങളെ കൊല്ലാമെന്നും അങ്ങനെ കൊല്ലപ്പെടുന്നവയുടെ രക്തം വെള്ളംപോലെ നിലത്തൊഴിച്ചു കളയണമെന്നും നിയമാവർത്തകൻ പറഞ്ഞു (12:16, 24). കാരണം ജലത്തെക്കാൾ കൂടിയ വിലയൊന്നും രക്തത്തിനില്ല. എന്നാൽ രക്തം ഭക്ഷിക്കരുത് എന്ന നിയമം അദ്ദേഹം നിലനിർത്തുന്നുണ്ട് (നിയ 12:23; കാണുക ഉൽപ 9:4; ലേവ്യ 17:11).

.

# രാഷ്ട്രീയ നവോത്ഥാനത്തിന്റെ അടയാളങ്ങൾ

## ഇസ്രായേൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം

ദൈവം അറിഞ്ഞ (അല്ലെങ്കിൽ) തിരഞ്ഞെടുത്ത ജനമായിരുന്നു ഇസ്രായേൽ: ''ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നത്, നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിൻെറ വഴിയിലൂടെ നടക്കാൻ തൻെറ മക്കളോടും പിൻ മുറക്കാരോടും അവൻ കൽപിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്'' (ഉൽപ 18:19); ''ഭൂമിയിലുള്ള സകല ജനതകളിലും വെച്ച് നിങ്ങളെ മാത്രമാണു ഞാൻ സ്വന്തമായി ഗണിച്ചത്....'' (ആമോ 3:2). വിശുദ്ധിയുടെ നിയമസംഹിതയനുസരിച്ച് (ലേവ്യ 17-26) ദൈവം തനിക്കായി വേർതിരിച്ച ജനമാണ് ഇസ്രായേൽ (ലേവ്യ 20:26). എന്നാൽ ദൈവം തെരഞ്ഞെടുത്ത ജനമാണ് ഇസ്രായേലെന്ന് ആദ്യം പറയുന്നതു നിയമാവർത്തനമാണ് (26:18-19). ദൈവം പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ടാണ് അവരെ ഈജിപ്തിൽനിന്നു രക്ഷിച്ചുകൊണ്ടുവന്നത്: ''അവിടുന്നു നിങ്ങളുടെ പിതാക്കന്മാരെ സ്നേഹിച്ചതു കൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു; അവിടുന്നു തൻെറ മഹാശക്തിയും സാന്നിധ്യവും പ്രകടമാക്കിക്കൊണ്ട് നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവരുകയും ചെയ്തു'' (4:37); ''നിങ്ങളുടെ ദൈവമായ കർത്താവിനു നിങ്ങൾ വിശുദ്ധജനമാണ്. ഭൂമുഖത്തുള്ള എല്ലാ ജനതകളിലുംനിന്നു തൻെറ സ്വന്തം ജനമാകേണ്ടതിന് അവിടുന്നു നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. കർത്താവു നിങ്ങളെ സ്നേഹിച്ചതും തിരഞ്ഞെടുത്തതും മറ്റു ജനതകളെക്കാൾ നിങ്ങൾ എണ്ണത്തിൽ കൂടുതലായിരുന്നതുകൊണ്ടല്ല; നിങ്ങൾ മറ്റെല്ലാ ജനതകളെയുംകാൾ ചെറുതായിരുന്നു. കർത്താവു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പിതാക്കൻമാരോടു ചെയ്ത ശപഥം പാലിക്കുകയും ചെയ്യുന്നതുകൊണ്ടാണ്, തൻെറ ശക്തമായ കരത്താൽ നിങ്ങളെ പുറത്തുകൊണ്ടു വന്നതും ഈജിപ്തിലെ രാജാവായ ഫറവോയുടെ കൈയിൽനിന്ന് - അടിമത്തത്തിൻെറ 'വനത്തിൽനിന്ന് - നിങ്ങളെ രക്ഷിച്ചതും'' (7:6-8). ഇസ്രയേൽ ദൈവത്തിന്റെ അവകാശമായാണ് അദ്ദേഹം കാണുന്നത് (7:6; 14:2; 26:18). ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന ആശയം ബൈബിളിലുടനീളം പ്രതിധ്വനിക്കുന്നുണ്ട്.

ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ഫലമായി ഇസ്രായേൽ ദൈവത്തിന്റെ വിശുദ്ധ ജനമായിത്തീർന്നു എന്നതാണ് അവരിൽ സംഭവിച്ച ഒന്നാമത്തെ മാറ്റം (7:6; 14:2, 21). വിശുദ്ധം എന്നാൽ വേർതിരക്കപ്പെട്ടത് എന്നാണ് അർത്ഥം. അതിനാൽ അവർ വിജാതീയരെപ്പോലെ അവരുടെ ആചാരങ്ങളനുഷ്ടിച്ചുകൂടാ. രണ്ടാമതായി, തിരഞ്ഞെടുപ്പു വഴി ഇസ്രായേൽ ദൈവത്തിന്റെ അവകാശമായി മാറി (4:20; 9:26, 29; 32:9). മറ്റു ചില വചനഭാഗങ്ങളിൽ ഇസ്രായേലിന്റെ ദേശം ദൈവത്തിന്റെ അവകാശമാണെന്നു പറയുന്നുണ്ട് (4:21; 12:9, 10). മൂന്നാമതായി, തിരഞ്ഞെടുപ്പിന്റെ ഫലമായി ഇസ്രായേൽ ദൈവം വിലമതിക്കുന്ന പ്രത്യേക ജനമായിത്തീർന്നു (ഹീബ്രുവിൽ *അം*

*സെഗുള്ള*; 7:6; 12:2; 26:18). ദൈവത്തിന്റെ നിധിയാണ് ഇസ്രായേൽ. രാജാവിന്റെ നിധി ശേഖരത്തി നാണു ദിനവൃത്താന്ത ഗ്രന്ഥകാരനും (1ദിന 29:3) സഭാപ്രസംഗകനും (2:8) ഈ വാക്ക് ഉപയോഗി ക്കുന്നത്. ഇക്കാരണത്താൽ ഇസ്രായേൽ ദൈവത്തിന്റെ കൽപ്പനകൾ പൂർണ്ണഹൃദയത്തോടെ അനു സരിക്കേണ്ടിയിരിക്കുന്നു: ''മോശ ലേവ്യപുരോഹിതൻമാരോടു ചേർന്ന് ഇസ്രായേൽ ജനത്തോടു പറഞ്ഞു: ഇസ്രായേലേ, ശ്രദ്ധിച്ചു കേൾക്കുക. ഇന്നു നീ നിൻെറ ദൈവമായ കർത്താവിൻെറ ജനമായിത്തീർന്നിരിക്കുന്നു. ആ കയാൽ നിൻെറ ദൈവമായ കർത്താവിൻെറ വാക്കു കേൾക്കുകയും ഇന്നു ഞാൻ നിനക്കു നൽകുന്ന അവിടുത്തെ കൽപന കളും ചട്ടങ്ങളും പാലിക്കുകയും ചെയ്യുക'' (27:9-10).

പഴയ കാലത്തു ചക്രവർത്തിമാർ രാജാക്കന്മാരെ വേർതിരിച്ച് അവർക്കു പ്രത്യേക പദവികൾ നല്കിയിരുന്നു. ഇതിനു സമാനമാണ് നിയമാവർത്തന ദർശനം: പരിശുദ്ധനായ ദൈവത്തിന്റെ വിശുദ്ധ ജനമാണ് ഇസ്രായേൽ (നിയ 7:6; 14:1, 21). ഈ പ്രത്യേക തിരഞ്ഞെടുപ്പ് ദൈവത്തിന്റെ വിശുദ്ധിയുടെ പ്രമാണങ്ങൾ കാത്തു ജീവിക്കാനുള്ള ഒരു വിളിയാണ് (14:21; 7:1-5). ദൈവത്തിന്റെ ഈ തിരഞ്ഞെടുപ്പ് ഇസ്രായേലിനെ അഹന്തയിലേയ്ക്കു നയിക്കരുത് എന്നു കാണിക്കാൻ ഈ തെരഞ്ഞെടുപ്പ് ഇസ്രായേലിന്റെ യോഗ്യതയുടെ ഫലമല്ലെന്നും നിയമാവർത്തകൻ പ്രഖ്യാപിക്കും. ദൈവം അവരുടെ പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ടാണ് അവരെ തനിക്കായി തെരഞ്ഞെടുത്ത ത്. ദൈവത്തെ ഏക ദൈവമായി തിരിച്ചറിയുക എന്നതാണ് ഈ വിളിയുടെ ലക്ഷ്യം (7:7-9; 9:4-5).

# പഠന അധ്യായങ്ങൾ

## നിയ 11: നിയമാവർത്തനത്തിൽ കാനാൻ ദേശം

ഉൽപ-സംഖ്യ കാഴ്ചപ്പാടനുസരിച്ച് ഇസ്രായേലിന് അവരുടെ പ്രവൃത്തികളെ നോക്കാതെ ദൈവം നിത്യ അവകാശമായി കൊടുത്ത സ്ഥലമാണു കാനാൻ ദേശം (ഉൽപ 13:15; 17:8; 48:4). അതുപോ ലെതന്നെ അവരുടെ പാരമ്പര്യമനുസരിച്ചു ദൈവത്തെ വിശ്വസ്തതയോടെ സേവിച്ചതിനാൽ (1രാജ 3:6; 9:4;11:14) ദാവീദിനു ദൈവം നിത്യമായ ഒരു രാജ്യവും രാജവംശവും വാഗ്ദാനം ചെയ്തി രുന്നു (2സാമു 7:13, 16; 23:5; സങ്കീ 89:30) ഇസ്രായേലിനു പ്രത്യേക ബാധ്യതകളൊന്നുമില്ലാതെ ദാനമായി നല്കിയതായിരുന്നു ഇവയെല്ലാം. അതു രാജാക്കന്മാർ തങ്ങളുടെ വിശ്വസ്തരായ സേവ കർക്ക് അവരുടെ സേവനത്തിനു പ്രതിഫലമായി നല്കിയിരുന്ന സമ്മാനങ്ങൾക്കു സദൃശ്യമായിരു ന്നു.

എന്നാൽ ഇസ്രായേൽ വിപ്രവാസത്തിലായപ്പോൾ ഈ രാജ്യവും രാജവംശവും അപ്രത്യക്ഷ മായി. എന്തുകൊണ്ടാണു ദൈവം ദാനമായി നല്കിയ ദേശം നഷ്ടമായത് എന്ന ചോദ്യത്തിന് ദൈവശാസ്ത്രജ്ഞന്മാർ ഉത്തരം കണ്ടെത്തിയതു സീനായ് മലയിലെ ഉടമ്പടിയിലാണ്. ആ ഉട മ്പടിയനുസരിച്ചു ദൈവകല്പനകൾ പാലിച്ചു ജീവിച്ചുകൊള്ളാമെന്നു ജനം ദൈവത്തോടും വാഗ്ദാനം ചെയ്തിരുന്നു. നിങ്ങൾക്കു മക്കളും മക്കളുടെ മക്കളും ജനിക്കുകയും നിങ്ങൾ അവിടെ വളരെക്കാലം താമസിക്കുകയും ചെയ്യുമ്പോൾ എന്തിൻെറയെങ്കിലും സാദൃശ്യത്തിൽ വിഗ്രഹമുണ്ടാക്കി നിങ്ങളെത്തന്നെ അശുദ്ധരാക്കുകയും നിങ്ങളുടെ ദൈവമായ കർത്താവിൻെറ കോപം ജ്വലിക്കുമാറ് അവിടുത്തെ മുൻപിൽ തിൻമ പ്രവർത്തിക്കുകയും ചെയ്താൽ, ഞാനിന്ന് ആകാശത്തെയും ഭൂമിയെയും നിങ്ങൾക്കെതിരേ സാക്ഷികളാക്കി പറയുന്നു: ജോർദാൻ കടന്നു നിങ്ങൾ കൈവശമാക്കാൻ പോകുന്ന ദേശത്തുനിന്നു നിങ്ങൾ അറ്റുപോകും; അവിടെ നിങ്ങൾ ദീർഘകാലം വസിക്കുകയില്ല; നിങ്ങൾ നശിപ്പിക്കപ്പെടും. കർത്താവു നിങ്ങളെ ജനതകളുടെയിടയിൽ ചിതറിക്കും. നിങ്ങളിൽ ചുരുക്കംപേർ മാത്രം അവശേഷിക്കും'' (4:25-27); ''എന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവിനെ വിസ്മരിക്കുകയും മറ്റു ദേവൻമാരുടെ പിറകേ പോയി അവരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ തീർച്ചയായും നിങ്ങൾ നശിച്ചു പോകുമെന്ന് ഇന്ന് ഞാൻ മുന്നറിയിപ്പുതരുന്നു. നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ അനുസരിക്കാതിരുന്നാൽ, നിങ്ങളുടെ മുൻപിൽനിന്നു കർത്താവു നിർമാർജനം ചെയ്യുന്ന ജനതകളെപ്പോലെ നിങ്ങളും നശിക്കും'' (8:19-20; കാണുക 11:8-10; 11:13-17; 11:22-25; 28:63; 29:24 -27; 30:17-18).

ദാവീദിന്റെ ഉടമ്പടിയുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. പരിമിതികളില്ലാതെ ദാനമായി നല്കപ്പെട്ട ദാവീദിന്റെ ഉടമ്പടി (2സാമു 7:13-15) പിന്നീട് സീനായ് ഉടമ്പടിയാൽ പരിമിതമാക്കി സോളമനു നല്കപ്പെട്ടു: ''നിന്റെ ദൈവമായ കർത്താവിന്റെ ശാസനങ്ങൾ നിറവേറ്റുക. മോശയുടെ നിയമത്തിൽ എഴുതിയിട്ടുള്ളതുപോലെ അവിടുത്തെ മാർഗത്തിൽ ചരിക്കുകയും അവിടുത്തെ ചട്ടങ്ങളും പ്രമാണങ്ങളും കൽപനകളും സാക്ഷ്യങ്ങളും അനുസരിക്കുകയും ചെയ്യുക; നിന്റെ എല്ലാ പ്രവൃത്തികളും ഉദ്യമങ്ങളും വിജയമണിയും. നിന്റെ സന്താനങ്ങൾ നേർവഴിക്കു നടക്കുകയും പൂർണഹൃദയത്തോടും പൂർണമനഃസ്സോടുംകൂടെ എന്റെ മുൻപിൽ വിശ്വസ്തരായി വർത്തിക്കുകയും ചെയ്താൽ, നിന്റെ സന്തതി ഇസ്രായേലിന്റെ സിംഹാസനത്തിൽനിന്ന് അറ്റുപോവുകുകയില്ല എന്ന് കർത്താവ് എന്നോട് അരുളിച്ചെയ്ത വാഗ്ദാനം നിറവേറ്റേണ്ടതിനു നീ അവിടുത്തെ അനുസരിക്കുക'' (1രാജ 2:3-4); ''ഇസ്രായേലിന്റെ ദൈവമായ കർത്താവേ, പൂർണഹൃദയത്തോടെ അങ്ങയുടെ സന്നിധിയിൽ വ്യാപരിക്കുന്ന ദാസൻമാരോടുള്ള ഉടമ്പടി പാലിക്കുകയും അനന്തസ്നേഹം അവരുടെമേൽ ചൊരിയുകയും ചെയ്യുന്ന അങ്ങയെപ്പോലെ ആകാശത്തിലും ഭൂമിയിലും വേറൊരു ദൈവമില്ല. എന്റെ പിതാവും അങ്ങയുടെ ദാസനു മായ ദാവീദിനോടു ചെയ്ത വാഗ്ദാനം അങ്ങു നിറവേറ്റിയിരിക്കുന്നു. അധരംകൊണ്ടു ചെയ്ത വാഗ്ദാനം ഇന്നു കരംകൊണ്ട് പൂർത്തീകരിച്ചു. ഇസ്രായേലിന്റെ ദൈവമായ കർത്താവേ, എന്റെ പിതാവും അങ്ങയുടെ ദാസനുമായ ദാവീദിനോട്, നീ എന്റെ മുൻപിൽ വ്യാപരിച്ചതുപോലെ നിന്റെ മക്കളും ചെയ്താൽ ഇസ്രായേലിന്റെ സിംഹാസനത്തിലിരിക്കാൻ നിനക്ക് ഒരവകാശി എന്റെ മുൻപിൽ ഉണ്ടാകാതെ വരില്ല എന്ന് അങ്ങു ചെയ്ത വാഗ്ദാനം പാലിച്ചാലും'' (8:23-25).

ദൈവവുമായുള്ള ഉടമ്പടി ലംഘിച്ചതിന്റെ ഫലമായാണു ജനത്തിനു ദേശം നഷ്ടമായത്. സത്യദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹാരാധന നടത്തിയതാണ് ഇവയിൽ ഏറ്റവും വലിയ പാപ മെന്നും നിയമാവർത്തന ഗ്രന്ഥകാരൻ വ്യക്തമാക്കി: ''വഞ്ചിക്കപ്പെട്ടു വഴിതെറ്റി അന്യദേവൻമാരെ സേവിക്കുകയും അവരുടെ മുൻപിൽ പ്രണമിക്കുകയും ചെയ്യാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുവിൻ. അല്ലെങ്കിൽ, കർത്താവിന്റെ കോപം നിങ്ങൾക്കെതിരായി ജ്വലിക്കും. മഴയുണ്ടാകാതിരിക്കാൻ അവിടുന്ന് ആകാശം അടച്ചു കളയും; ഭൂമി വിളവു നൽകുകയില്ല; അങ്ങനെ കർത്താവു നൽകുന്ന വിശിഷ്ട ദേശത്തുനിന്നു നിങ്ങൾ വളരെവേഗം അറ്റുപോകും.'' (11:16-17, കാണുക 4:25-28 29:23-27, 30:17-18).

പഞ്ചഗ്രന്ഥത്തിന്റെ വിവരണമനുസരിച്ചു നിയമാവർത്തന നിയമം നല്കപ്പെടുന്നതു ജനം വാഗ്ദ ത്തദേശത്തു പ്രവേശിക്കുന്നതിനു മുമ്പാണ്; അതായതു വാഗ്ദത്തദേശത്തിന്റെ അതിർത്തി യിൽവച്ചു മോശ നടത്തിയ പ്രസംഗത്തിലൂടെ (1:1-3). എന്നാൽ ഈ നിയമങ്ങൾ പ്രാവർത്തികമാ ക്കേണ്ടത് ദേശത്തു പ്രവേശിച്ചതിനു ശേഷമാണ് (12:1). അതായത്, ഇസ്രായേലിനു ദേശമില്ലാത്ത അവസ്ഥയിലാണു നിയമം നല്കപ്പെട്ടതെന്നർത്ഥം. അങ്ങനെയെങ്കിൽ ബാബിലോൺ വിപ്രവാസ കാലത്ത് ദേശത്തുനിന്നകന്നു കഴിയുന്ന ജനവും ഈ ദൈവിക നിയമം പാലിക്കാൻ കടപ്പെട്ടവരാ ണ്. ദേശം കരസ്ഥമാക്കുന്നതും അവിടെ ജീവിക്കാൻ കഴിയുന്നതും നിയമത്തോടുള്ള ജനത്തിന്റെ മനോഭാവത്തെ ആശ്രയിച്ചാണിരിക്കുന്നത് (4:26; 11:17; 28:63; 30:19).

ജനത്തിനു ദേശം നഷ്ടമായി എന്നതു ദൈവജനചരിത്രത്തിന്റെ അവസാന ഘട്ടമായി നിയമാ വർത്തന ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നില്ല. വിപ്രവാസകാലത്ത് അവർ ദൈവത്തിലേയ്ക്കു തിരി യുകയും അനുതപിക്കുകയും ചെയ്താൽ ദൈവം പിതാക്കന്മാരോടു ചെയ്ത ഉടമ്പടി അനുസ്മരി ക്കുകയും അവരെ ദേശത്തേയ്ക്കു തിരികെക്കൊണ്ടുവരികയും ചെയ്യും: ''നിങ്ങൾ ... എന്തിന്റെയെങ്കിലും സാദൃശ്യത്തിൽ വിഗ്രഹമുണ്ടാക്കി നിങ്ങളെത്തന്നെ അശുദ്ധരാക്കുകയും നിങ്ങളുടെ ദൈവമായ കർത്താവിന്റെ കോപം ജ്വലിക്കുമാറ് അവിടുത്തെ മുൻപിൽ തിൻമ പ്രവർത്തിക്കുകയും ചെയ്താൽ, അവിടെ നിങ്ങൾ ദീർഘകാലം വസിക്കുകയില്ല; നിങ്ങൾ നശിപ്പിക്കപ്പെടും. കർത്താവു നിങ്ങളെ ജനതകളുടെയിടയിൽ ചിതറിക്കും. നിങ്ങളിൽ ചുരുക്കംപേർ മാത്രം അവശേഷിക്കും. അവിടെ മനുഷ്യനിർമിതമായ ദൈവങ്ങളെ - കാണുകയോ കേൾക്കുകയോ ഭക്ഷിക്കുകയോ ഘ്രാണിക്കുകയോ ചെയ്യാത്ത കല്ലിനെയും തടിയെയും - നിങ്ങൾ സേവിക്കും. എന്നാൽ, അവിടെവച്ചു നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ അന്വേഷിച്ചാൽ നിങ്ങൾ അവിടുത്തെ കണ്ടെത്തും. നിങ്ങൾക്കു ക്ലേശമു ണ്ടാവുകയും അവസാന നാളുകളിൽ ഇവയൊക്കെയും നിങ്ങൾക്കു സംഭവിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു തിരിയുകയും അവിടുത്തെ സ്വരം

ശ്രവിക്കുകയും ചെയ്യും. നിങ്ങളുടെ ദൈവമായ കർത്താവു കരുണയുള്ള ദൈവമാണ്. അവിടുന്നു നിങ്ങളെ കൈവിടുകയോ നശിപ്പിക്കുകയോ നിങ്ങളുടെ പിതാക്കൻമാരോടു ശപഥം ചെയ്തിട്ടുള്ള ഉടമ്പടി വിസ്മരിക്കുകയോ ഇല്ല'' (നിയ 4:25-31; 30:1-10).

ജോസിയാ രാജാവിന്റെ മതനവീകരണവുമായി ബന്ധപ്പെട്ട് അംഗീകൃതമായ ഗ്രന്ഥമാണു നിയമാവർത്തനമെന്നു (12-26) നാം കണ്ടു. ബി.സി. 722 ലെ സമരിയായുടെ പതനത്തിനുശേഷം വടക്കൻ രജ്യത്തുണ്ടായിരുന്ന വിശ്വാസികളായവരെ തെക്കൻ രാജ്യത്തിലെ ജറുസലെമിലേയ്ക്കു കൊണ്ടുവരാനുള്ള ഒരു ശ്രമം ജോസിയ രാജാവും ഹെസക്കിയാ രാജാവും നടത്തിയിരുന്നു (2ദിന 30; 35:1-9). ബി. സി. 8-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ജറുസലെമിലെയും യൂദായിലെയും താമസക്കാരുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി എന്നാണു ഭൂഗർഭഗവേഷണങ്ങൾ തെളിയിക്കുന്നത്. തങ്ങളുടെ ദൈവത്തിന്റെ ആലയമുള്ളതും തങ്ങളുടെ സഹോദരങ്ങൾ വസിക്കുന്നതുമായ സ്ഥലത്തേയ്ക്കു വരാൻ വടക്കുള്ള വിശ്വാസികൾ താത്പര്യപ്പെട്ടു കാണുമെന്നതു സ്വാഭാവികം. ഷെക്കെമിലും സമരിയായിലുമുള്ളവർ ജറൂസലെമിലേയ്ക്കു തീർത്ഥയാത്ര നടത്തിയിരുന്നുവെന്നു ജറെമിയായും പറയുന്നുണ്ട് (ജറെ 41:5).

ഇക്കാലഘട്ടത്തിൽ യൂദായും ഇസ്രായേലും തമ്മിലുള്ള കലഹങ്ങൾ അവസാനിക്കുകയും അവർ ഒരു ജനതയാണെന്ന ആശയം ജനങ്ങളിൽ വളർന്നു വരികയും ചെയ്തിട്ടുണ്ടാകണം. തന്നിമിത്തം ദൈവജനമെന്ന രാഷ്ട്രീയ-ജാതീയ ചിന്ത അവരിൽ ശക്തിപ്പെട്ടിരുന്നു എന്നു കരുതാം. തൽഫലമായി ഇസ്രായേൽക്കാരല്ലാത്ത എല്ലാ കാനാന്യരെയും ഉന്മൂലനം ചെയ്യണമെന്ന ആശയം ഉയർന്നു വന്നു (നിയ 7:1-2; 20:16-17).

ഏക ദൈവത്തിൽ വിശ്വസിക്കാത്തതും രാജ്യത്തിനകത്തുള്ളതുമായ, യുദ്ധം ചെയ്യുന്നതോ അല്ലാത്തതോ ആയ, എല്ലാ അന്യജാതിക്കാരെയും നിർമ്മാർജ്ജനം ചെയ്യുകയെന്നതു വളരെ അപ്രായോഗികമായ ഒരാശയമായിരുന്നു. വാസ്തവത്തിൽ ഇസ്രായേൽക്കാർ കാനാനിൽ പ്രവേശിച്ചപ്പോൾ കാനാൻകാരെ പൂർണ്ണമായി ഉന്മൂലനം ചെയ്യാൻ അവർക്കു കഴിഞ്ഞിരുന്നില്ല എന്നതാണു സത്യം. സോളമൻ അങ്ങനെയുള്ളവരെ അടിമവേലയ്ക്കു നിയോഗിച്ചിരുന്നു (1രാജ 9:21). ഏലിയ-ഏലീഷ പ്രവാചകന്മാരുടെ കാലംമുതൽ ജോസിയായുടെ കാലംവരെ ഇസ്രായേലിനു കാനാൻകാരിൽനിന്ന് വലിയ ശത്രുത നേരിടേണ്ടിവന്നതിന്റെ ഫലമായി രൂപപ്പെട്ട തത്വശാസ്ത്രമാണ് ''കാനാൻകാരെ മുഴുവനും ഉന്മൂലനം ചെയ്യുക''എന്നത് (ഹേരെം). അവരെ ഉന്മൂലനം ചെയ്യേണ്ടതിനു ദൈവശാസ്ത്രപരമായ കാരണവും (ഏകദൈവവിശ്വസം) ഗ്രന്ഥകാരൻ നല്കി: ''അവർ തങ്ങളുടെ ദേവൻമാരുടെ മുൻപിൽ ചെയ്യുന്ന മ്ലേച്ഛതകൾ നിങ്ങളെ പഠിപ്പിക്കാതിരിക്കാനും അങ്ങനെ നിങ്ങളുടെ ദൈവമായ കർത്താവിനെതിരായി നിങ്ങൾ പാപം ചെയ്യാതിരിക്കാനും ആണ് ഇപ്രകാരം നിർദേശിച്ചിട്ടുള്ളത്'' (നിയ 20:18).

വാസ്തവത്തിൽ അന്യജാതിക്കാരെ പൂർണമായി ഉന്മൂലനം ചെയ്യുക എന്ന തത്വശാസ്ത്രം ഇസ്രായേലിലും മദ്ധ്യപൂർവ്വദേശം മുഴുവനും ലോകത്തുള്ള മറ്റു സ്ഥലങ്ങളിലും നിലനിന്നിരുന്നു. ജെറീക്കോ പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ടും (ജോഷ്വ 6:17) അമലേക്യരുമായുള്ള യുദ്ധത്തിന്റെ അവസരത്തിലും (1സാമു 15) ഇസ്രായേൽ ഇതു പ്രായോഗികമാക്കുന്നതു കാണാം. അന്യദേവന്മാരെ ആരാധിച്ച ഇസ്രായേലിലെതന്നെ പട്ടണങ്ങൾക്കുമേൽ അവർ ഇതു നടത്തിയിരുന്നു (നിയ 13:16). ഗിബെയായിലെ പാപത്തിന്റെ ഫലമായി ബെഞ്ചമിൻ ഗോത്രത്തിനെതിരേയും ഇത് അവർ പ്രയോഗിച്ചു (ന്യായ 20:40, 48). കാനാനിലെ ഏഴു ജനപഥങ്ങളുടെമേൽ നിയമാവർത്തനം ഈ ഉന്മൂലന നിയമം താത്വികമായി മാത്രം പ്രായോഗികമാക്കിയതായാണു തോന്നുന്നത്.

വാഗ്ദത്തദേശത്തിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിലും നിയമാവർത്തന ഗ്രന്ഥകാരൻ സ്വന്തമായ നിലാപടു സ്വീകരിക്കുന്നുണ്ട്. ഉൽപ-സംഖ്യ അനുസരിച്ച് യോർദ്ദാനക്കരെയുള്ള ദേശം വാഗ്ദത്തദേശത്തിന്റെ ഭാഗമല്ല (സംഖ്യ 32:1-14). ജോഷ്വയുടെ വിവരണമനുസരിച്ച് (22:19) അത് അശുദ്ധമായ സ്ഥലമാണ്. ഇസ്രായേൽ വാഗ്ദത്തദേശം കീഴടക്കാനാരംഭിച്ചതു യോർദ്ദാൻ കടക്കുന്നതോടെയാണെന്നു ജോഷ്വ (2-9) പറയുന്നു. യോർദ്ദാൻ കടന്നതും ഗിൽഗാലിൽ കല്ലുകൾ സ്ഥാപിച്ചതും വാഗ്ദത്ത ദേശത്തു പ്രവേശിച്ചതിനെയാണു സൂചിപ്പിച്ചത്. അവരുടെ മരുഭൂമി യാത്ര അവസാനിച്ചു എന്നിത് അർത്ഥമാക്കി. അന്നു മന്നാ നിലയ്ക്കുകയും ചെയ്തു (ജോഷ്വ 30:1-10; 5:12; കാണുക പുറ 36:15).

എന്നാൽ ഈ പഴയ ചിന്താഗതി നിയമാവർത്തന ഗ്രന്ഥകാരൻ സ്വീകരിക്കുന്നില്ല. അദ്ദേഹത്തിന്റെ ചിന്തയനുസരിച്ച് (നിയ 1-3) ഇസ്രായേൽ അർനോൺ അരുവി കടന്നപ്പോൾ ദേശം കൈയ്യ

ടക്കാനാരംഭിച്ചു (2:24). ഇതു മൊവാബിനും മിഷോറിനും ഇടയിലാണെന്നു മാത്രമല്ല രാജാവായ സീഹോന്റെ സ്ഥലവുമാണ്. അതനുസരിച്ച് വാഗ്ദത്തദേശത്തു പ്രാവർത്തികമാക്കാൻ ദൈവം കല്പിച്ച ഉന്മൂലനത്തിന്റെ നിയമം (ഹേരെം), അവിടെ വച്ചുതന്നെ ഇസ്രായേൽ പ്രായോഗികമാക്കിത്തുടങ്ങി (2:34, 3:6). കാനാനിലുള്ള ജനങ്ങളുടെമേൽ ഉന്മൂലന തത്വം പ്രായോഗികമാക്കാനാണു ദൈവം ആവശ്യപ്പെട്ടിരുന്നത് (നിയ 20:16–17). അതുകൊണ്ടു നിയമാവർത്തന വിവരണമനുസരിച്ച് യോർദ്ദാനക്കരെയുള്ള ദേശവും കാനാൻദേശംപോലെ ഗോത്രങ്ങൾക്കായി വീതിച്ചു നല്കപ്പെടും. പഴയ വിവരണമനുസരിച്ച് (സംഖ്യ 32) മോശ ആ ദേശം റൂബൻ, ഗാദ്, മനാസ്സെ ഗോത്രങ്ങൾക്കു നല്കിയത് അവർ തുടർന്നുള്ള യുദ്ധത്തിനു സഹായിക്കും എന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ ഇപ്രകാരമുള്ള ഒരു ഉടമ്പടിയെക്കുറിച്ചു നിയമാവർത്തകൻ സംസാരിക്കുന്നില്ല. ദാവീദിന്റെ രാജ്യത്തിന്റെ അതിർത്തികൾ (ഉൽ 15:18) വാഗ്ദത്തദേശത്തിന്റെ ദൈവസ്ഥാപിതമായ അതിർത്തികളായി നിയമാവർത്തന ഗ്രന്ഥകാരൻ അംഗീകരിച്ചു എന്നുപറയാം (നിയ 1:7, 11:24). അതുകൊണ്ടു യോർദാനക്കരെയുള്ള ദേശവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വാഗ്ദത്തദേശം തന്നെയാണ് (നിയ 34:1). ആ ദേശവും കാനാൻപോലെതന്നെ ഇസ്രായേലിനുള്ള ദൈവദാനമാണ്.

ഇസ്രായേൽ രാജ്യം ലോകത്തിലെ മറ്റെല്ലാ രാജ്യങ്ങളെക്കാളും ഉന്നതമാണെന്നതാണു നിയമാവർത്തന ചിന്ത (29:18). അത് ഒരിക്കലും അന്യരാജ്യങ്ങളുടെ പിന്നിലാകാൻ പാടില്ല (28:13). ഇസ്രായേൽ ജനത്തെക്കുറിച്ചു കേൾക്കുന്നവർ "...അവർ ഈ കൽപനകളെപ്പറ്റി കേൾക്കുമ്പോൾ മഹത്തായ ഈ ജനത ജ്ഞാനവും വിവേകവുമുള്ളവർതന്നെ എന്നുപറയും." (4:6). അവർ അനേക രാജ്യങ്ങളെ ഭരിക്കേണ്ടവരാണ്; എന്നാൽ അവർ ആരാലും ഭരിക്കപ്പെടരുത് (15:6). അത് ഉന്നതവും നിർഭയവുമായ രാജ്യമായിരിക്കണം. ഈ ആശയം പഠിപ്പിക്കുന്നതിനുവേണ്ടിയാണു പഴയ പാരമ്പര്യങ്ങളെ ഗ്രന്ഥകാരൻ മാറ്റിമറിക്കുന്നത്.

സീനായിൽനിന്നു വന്ന ഇസ്രായേൽ ഏദോമിലൂടെ കടന്നുപോകാൻ അനുവാദം ചോദിക്കുന്നത് സംഖ്യയുടെ ഗ്രന്ഥത്തിൽക്കാണാം. എന്നാൽ ഏദോം അതിനനുവദിച്ചില്ലെന്നു മാത്രമല്ല അവർക്കെതിരേ യുദ്ധം ചെയ്യാൻ പുറപ്പെടുകയും ചെയ്തു (സംഖ്യ 20:14–21). എന്നാൽ നിയമാവർത്തന വിവരണത്തിൽ ഇതിനു വിപരീതമായ കാര്യങ്ങളാണു സംഭവിക്കുക: ഇസ്രായേൽ ദേശത്തിലൂടെ കടന്നുപോകാൻ ഏദോം അനുവദിച്ചെന്നു മാത്രമല്ല അവർ അവിടെനിന്നു ഭക്ഷണ സാധനങ്ങൾ വാങ്ങുകയും ചെയ്തു (2:6, 29). കാരണം ഏദോം ഉന്നതമായ ഇസ്രായേലിനെ ഭയപ്പെട്ടു. ആ ഭയം മുതലാക്കി അവിടെനിന്ന് ഒന്നും അതിക്രമിച്ചു സ്വന്തമാക്കരുതെന്നു മോശ ഇസ്രായേലിനെ ഉപദേശിക്കുകയും ചെയ്തു (2:4–5).

രാഷ്ട്രീയമായ ഈ ഔന്നത്യചിന്ത ന്യായാധിപന്മാരെ നിയമിക്കുന്നതിലും ദൃശ്യമാണ്. പുറപ്പാടു വിവരണമനുസരിച്ചു (പുറ 18) മോശ ന്യായാധിപന്മാരെ നിയോഗിച്ചതു തന്റെ അമ്മായിയപ്പനും മിദിയാൻകാരനുമായ ജെത്രോയുടെ ഉപദേശപ്രകാരമാണ്. എന്നാൽ നിയമാവർത്തനമനുസരിച്ച് (1:9–17) ഇത് മോശയുടെതന്നെ ഒരു തീരുമാനവും പ്രവൃത്തിയുമായിരുന്നു. ജെത്രോയെക്കുറിച്ചു യാതൊന്നും അദ്ദേഹം പറയുന്നുമില്ല. നിയമാവർത്തനം എഴുതപ്പെട്ട ഇസ്രായേലിന്റെ മഹത്വത്തിന്റെ കാലത്ത് (രാജഭരണകാലത്ത്) അന്നു നിലവിലുണ്ടായിരുന്ന നീതിന്യായ വ്യവസ്ഥ ഒരു വിദേശി നിർദ്ദേശിച്ചതാണെന്നു പറയുക അഭിമാനകരം അല്ലായിരുന്നിരിക്കാം.

## നിയ 12

ഏകദൈവത്തിന് ഒരരാധനസ്ഥലം മതിയെന്ന നിയമാവർത്തനതത്ത്വം നാം കണ്ടു. കർത്താവ് ഏകനെങ്കിൽ എല്ലാ സ്ഥലങ്ങളിലും ദൈവമായ കർത്താവിനെ ആരാധിക്കാൻ അനുവാദമില്ല. ന്യായാധിപന്മാരുടെ കാലശേഷം ഇസ്രായേലിൽ രാജഭരണമാരംഭിച്ചുകഴിഞ്ഞ് ഇസ്രായേലിന്റെ മഹാരാജാവായ ദാവീദാണ് ജബൂസ്യരുടെ കൈയ്യിൽനിന്ന് ജബൂസ് എന്നറിയപ്പെട്ടിരുന്ന ജറുസലെം കൈവശപ്പെടുത്തി, അത് തന്റെ മത-രാഷ്ട്രീയ തലസ്ഥാനമാക്കി മാറ്റിയത് (2സാമു 5:6–10). ദാവീദിന്റെ ഭരണകാലത്തിന് ഏതാണ്ട് 400 വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ പരമ്പരയിൽ വന്നുചേർന്ന ജോസിയ രാജാവാണ് അന്നുവരെ ദേശത്തുണ്ടായിരുന്ന എല്ലാം ആരാധനാലയങ്ങളും നശിപ്പിക്കുകയും കർത്താവിനെ ആരാധിക്കേണ്ടതു ജറുസലെമിൽ മാത്രമാണെന്ന ദൈവശാസ്ത്രചിന്ത നടപ്പാക്കുകയും ചെയ്തത് (2രാജാ 22–23). ജോസിയ രാജാവു നടപ്പാക്കിയ ഈ നിയമങ്ങളാണ് നിയ 12–26 അധ്യായങ്ങളിൽ കാണുന്നത് എന്നു നാം കണ്ടു. അതിന്റെ അതിപ്രധാ

നഭാഗമാണ് ജറുസലെമിനു പുറത്തുള്ള ആരാധാലായങ്ങൾ നശിപ്പിക്കാനുള്ള കല്പനകൾ നല്കപ്പെടുന്ന 12-ാം അധ്യായം.

ചരിത്രത്തിലുടനീളം ഇസ്രായേൽ ദേശത്തു മുഴുവൻ ആരാധനാസ്ഥലങ്ങളോടൊത്ത് വിഗ്രഹാരാധനയുണ്ടായിരുന്നു. അവ നശിപ്പിക്കാൻ ജനം തയ്യാറായില്ല. അപ്പോഴാണ് മതനേതാക്കാൾ ഏകദൈവത്തിന്റെ ആരാധനക്കായി ഒരു സ്ഥലത്ത് ഒരുമിച്ചു കൂടാൻ ജനങ്ങളോടു കല്പിച്ചത്. ഈ പ്രവൃത്തി ചരിത്രപരിമായി ആരാധനാരീതിയിൽ ഐക്യമുണ്ടാകുകയും ഒരു രാജ്യമെന്നനിലയിൽ അവരെ ഐക്യപ്പെടുത്തുകയും ചെയ്തു. ഇതിൽനിന്നു വ്യത്യസ്തമായി എന്നാൽ സമാനമായി ഇന്നു നാം ഒരു സ്ഥലത്തല്ല മറിച്ച് ക്രിസ്തുവെന്ന ഒരു വ്യക്തിക്കു ചുറ്റുമാണ് ഒരുമിച്ചുചേർന്ന് ആരാധന നടത്തുന്നത്. അങ്ങനെ ഏകദൈവത്തിന് ഒരു ആരാധനാസ്ഥലം മതിയെന്ന തത്വത്തെ നാം മറി കടന്നിരിക്കുന്നു (യോഹ 4:21-24). എന്നാൽ ക്രിസ്തുവിനും ക്രിസ്തുവിന്റെ ചിന്തകൾക്കു ചുറ്റുമല്ലാതെ മറ്റ് തത്വങ്ങൾക്കു ചുറ്റും ക്രിസ്തുവിന്റെ പേരിൽ ആരാധനയ്ക്ക് ഒരുമിച്ചുചേരുന്നത് ഇന്നത്തെ വിഗ്രഹാരാധനയാണ്. ദൈവത്തെ ആരാധിക്കുന്ന കാര്യത്തിൽ ദൈവജനനം ഒരിക്കലും ജനതകളെ അനുകരിക്കരുത് (12:29-32). അതു വിഗ്രഹാരാധനതന്നെയാണ്. സാംസ്കാരികാനുരൂപണങ്ങൾ നല്ലതും ആവശ്യകവുമായിരിക്കാം. എന്നാൽ അത് ദൈവജനത്തിന്റെ വ്യതിരിക്തത നശിപ്പിക്കുന്നവയാകരുത്.

## നിയ 13

ദേശത്തു പ്രവേശിച്ചു കഴിയുമ്പോൾ അവിടെയുള്ള വിഗ്രഹങ്ങളും ജറുസലെമൊഴികെയുള്ള ആരാധനാസ്ഥലങ്ങളും നശിപ്പിച്ചു കളയണമെന്നു 12-ാം അധ്യായത്തിൽ കല്പിച്ചതിനുശേഷം ഏറ്റവും വലിയ പാപമായ വിഗ്രഹാരാധനയിലേക്ക് ഇസ്രായേലിനെ നയിക്കുന്ന പ്രവാചകരെയും നേതാക്കളെയും നിഷ്കരുണം നശിപ്പിച്ചുകൊണ്ട് ദൈവവും അവിടത്തെ ജനവും തമ്മിലുള്ള ബന്ധത്തെ കാത്തുസൂക്ഷിക്കാൻ 13-ാം അധ്യായത്തിൽ വചനം കല്പിക്കുന്നു (1-11). വിഗ്രഹാരാധകർ വലിയ അത്ഭുതങ്ങൾതന്നെ പ്രവർത്തിച്ചാലും അവരെ അനുഗമിക്കുന്നതിനുള്ള അനുവാദം ജനത്തിനു നല്കപ്പെട്ടിട്ടില്ല.

ദൈവജനം കർത്താവിനെമാത്രം ഭയപ്പെടുകയും അവിടത്തെ കല്പനകൾമാത്രം പാലിക്കുകയും ചെയ്യണം (13:4). വിഗ്രങ്ങൾപോലെതന്നെ സമൂഹത്തിൽനിന്നു നശിപ്പിക്കപ്പെടേണ്ടവരാണു വിഗ്രഹാരാധകരും. വിഗ്രഹങ്ങളും വിഗ്രഹാരാധനാ സ്ഥലങ്ങളും വിഗ്രഹാരാധകരും അവരുടെ സമ്പത്തും ദൈവജനത്തിനു നികൃഷ്ടമാണ്.

## നിയ 14 ജീവിരീതി, ഭക്ഷണംക്രമം

ദൈവജനം തങ്ങൾ ഇടപഴകി ജീവിക്കുന്ന അന്യജനതകളിൽനിന്നു വ്യത്യസ്തരായി ജീവിക്കണം. ജനതകളുടെ ആചാരങ്ങൾ അവർ അനുകരിക്കരുത്. തങ്ങൾ വ്യത്യസ്തരാണെന്ന അവബോധം ജനിപ്പിക്കാനും അവരുടെ നിലനില്പിനുമായാണ് അവർക്കു പ്രത്യേക ഭക്ഷണംക്രമം നല്കപ്പെട്ടിരിക്കുന്നത്.

ലേവ്യ 11ലും തുടർന്ന് നിയ 12ലും ദൈവജനത്തിന് ഭക്ഷിക്കാൻ അനുവദനീയവും അല്ലാത്തതുമായ ജീവജാലങ്ങളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ലേവ്യ 11ലെ പരമ്പരാഗത നിയമങ്ങളെ കാലങ്ങൾക്കുശേഷം നവീകരിച്ച നിലയലാണ് നിയ 14-ൽ കാണുന്നത്. ഇസ്രായേലിന്റെ അയൽനാടുകളിലും യൂറോപ്പിലും പകർച്ചവ്യാധികൾ ദേശവാസികളെയും ജനതകളെയും നിർമാർജനം ചെയ്തപ്പോൾ തകർന്നുപോകാതെയും വ്യാധികളിൽപ്പെടാതെയും ദൈവജനത്തെ നിലനിർത്തിയത് അവർ ഭക്ഷിക്കേണ്ടതും അല്ലാത്തതുമായ വസ്തുവകകളെക്കുറിച്ചുള്ള നിയമത്തിന്റെ വ്യക്തമായ ഈ കാഴ്ചപ്പാടാണ്. അതവരുടെ രക്ഷയ്ക്കായി ദൈവം നല്കിയവയായിരുന്നു. ഉദാഹരണമായി പഴയകാലങ്ങളിൽ നന്നായി വേവിക്കാതെ പന്നി മാംസം ഭക്ഷിക്കുന്നവർ രോഗികളായിത്തീരുമായിരുന്നു. അതിനാൽ പന്നിമാംസം ഭക്ഷിക്കുന്നതുതന്നെ നിയമം നിരോധിച്ചു.

**ദശാംശം**

ദശാംശത്തെക്കുറിച്ചു സംസാരിക്കുമ്പോഴും നിയമാവർത്തകൻ നിലവിലുള്ള പരമ്പരാഗത (ഉൽപ-സംഖ്യ) നിയമത്തിൽ മാനുഷികമായ നവീകരണം വരുത്തുന്നുണ്ട്. ഉൽപ-സംഖ്യ നിയമമനുസരിച്ചും എസ്രാ-നെഹമിയായുടെ ദേവാലയ നിയമമനുസരിച്ചും (നെഹ 10:37; 12:44; 13:12) ദശാംശം അതിൽത്തന്നെ വിശുദ്ധവും ദൈവത്തിനു സമർപ്പിതവുമാണ് (ലേവ്യ 27:30-33). അതു പൂർണ്ണമായും ലേവ്യർക്ക് അവകാശപ്പെട്ടതാണ് (സംഖ്യ 18:21-32). എന്നാൽ നിയമാവർത്തന നിയമമനുസരിച്ച് ദശാംശം അർപ്പകനുതന്നെ അവകാശപ്പെട്ടതാണ് (14:22-27). ദേവാലയത്തിൽപോയി ആഘോഷങ്ങൾ നടത്താനാണ് അത് ഉപയോഗിക്കേണ്ടത്. അതു വിറ്റുകിട്ടുന്ന പണവുമായി ദേവാലയത്തിലേയ്ക്കു പോകാനും അയാൾക്ക് അനുവാദമുണ്ട്.

നിലവിലിരുന്ന നിയമമനുസരിച്ച്, ദശാംശം വിറ്റു പണമാക്കി മാറ്റുന്നയാൾ അതു വീണ്ടെടുക്കുന്നതിനായി അതിന്റെ അഞ്ചിൽ ഒരുഭാഗംകൂടി കൂട്ടിച്ചേർക്കണം എന്നുണ്ടായിരുന്നു (ലേവ്യ 27:31). നിയമാവർത്തകന്റെ ദൃഷ്ടിയിൽ ദശാംശം അതിൽത്തന്നെ വിശുദ്ധമല്ല. അതിനെ വിശുദ്ധീകരിക്കുന്നതു ദൈവമാണ്. പ്രകൃതിദത്തമായ ഒരു വിശുദ്ധ സ്വഭാവം അതിനില്ല (ലേവ്യ 27:30-33 കാണുക). മനുഷ്യർ അതിനെ വിശുദ്ധീകരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. വിശുദ്ധിയെന്നതു ജന്മനാ ലഭിക്കുന്ന ഒന്നല്ല മറിച്ചു ദൈവികമായ ലക്ഷ്യങ്ങൾ അനുസരിച്ചു പ്രവർത്തിച്ചുകൊണ്ടു മനുഷ്യൻ നേടിയെടുക്കേണ്ടതാണ്.

തിരുസ്സഭയുടെ ചിന്താരീതിയും നിയമാവർത്തകനോടു ചേർന്നു പോകുന്നതായാണു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്. തിരുസ്സഭയുടെ കൽപനകളിൽ അഞ്ചാമത്തേതു സഭയുടെ ആവശ്യങ്ങളിൽ സഹായിക്കുകയും (2043) പാവപ്പെട്ടവർക്കായി ഒരുവന്റെ സമ്പത്തു പങ്കുവയ്ക്കുകയും ചെയ്യുക എന്നതല്ലാതെ ദശാംശത്തെക്കുറിച്ചു സഭ ഒന്നും പഠിപ്പിക്കുന്നില്ല.

**ആദ്യജാതർ**

ദശാംശംപോലെതന്നെ ആദ്യജാതരെയും നിയമാവർത്തകൻ പുരോഹിതന്റെ കരങ്ങളിൽ നിന്നെടുത്ത് ഉടമസ്ഥനു തിരികെ നല്കുന്നുണ്ട്. ഉൽപ-സംഖ്യ അനുസരിച്ച് ആദ്യജാതർ ''കർത്താവിനു വിശുദ്ധമാണ്'' (പുറ 22:29; 34:19; സംഖ്യ 18:15-17). അതു ദൈവത്തിനു സമർപ്പിക്കപ്പെടുകയോ (പുറ 22:29) ദൈവത്തിന്റെ ശുശ്രൂഷകർക്കു നല്കപ്പെടുകയോ (സംഖ്യ 18:17-18) വേണം. എന്നാൽ നിയമാവർത്തന നിയമമനുസരിച്ച് ഇത് ഉടമസ്ഥന്റെ അവകാശമാണ്. അവൻ അതു ദേവാലയത്തിൽവച്ചു ഭക്ഷിക്കണമെന്നുമാത്രം. ഗ്രന്ഥകാരൻ സത്യവിശ്വാസത്തെ അന്ധവിശ്വാസങ്ങളിൽനിന്നു മുക്തമാക്കാൻ ശ്രമിച്ചുവെന്നതിന് ഉദാഹരണം ഈ നിയമമാണ്.

മുമ്പുണ്ടായിരുന്ന നിയമങ്ങളിൽ ശുദ്ധമൃഗങ്ങളുടെ ആദ്യജാതരെക്കുറിച്ച് പറയുന്നിടത്തെല്ലാം അശുദ്ധമൃഗങ്ങളുടെ ആദ്യജാതരെക്കുറിച്ചും പറയാറുണ്ടായിരുന്നു (പുറ 13:2, 12, 15; 22:28-29; 34:19-20; ലേവ്യ 27: 26-27; സംഖ്യ 18:15-18). എന്നാൽ മനുഷ്യരുടെയും അശുദ്ധമൃഗങ്ങളുടെയും ആദ്യജാതരെക്കുറിച്ച് നിയമാവർത്തനം ഒന്നും തന്നെ പറയുന്നില്ല. കാരണം ഈ നിയമങ്ങൾകൊണ്ടു മാനുഷ്യത്വപരമായ യാതൊരു പ്രയോജനവുമില്ല (നിയ 15:19-23)

**നിയ 15**

സാധുജനോന്ധാരണത്തിനായി അനേക പദ്ധതികൾ നടപ്പിലാക്കാൻ ആധുനിക സമൂഹങ്ങൾ പരിശ്രമിക്കാറുണ്ട്. എന്നാൽ അവ പലപ്പോഴും വലിയ വിജയങ്ങൾ കൈവരിക്കാറില്ല. തന്റെ ജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ വിജയകരമായ ദാരിദ്ര നിർമാർജനപദ്ധതിയാണ് നിയ 15-ാം അധ്യായത്തിൽ കാണുന്നത്. നിലത്തിന്റെ ഫലപുഷ്ടിക്കായി ഏഴാംവർഷം നിലം വെറുതെയിടണമെന്നതുപോലെ ഏഴാം വർഷം അടിമകൾ സ്വതന്ത്രരാക്കപ്പെടുകയും കടം വാങ്ങാൻ ഈടുവച്ച സ്ഥലങ്ങളും വസ്തുവകകളും സ്വതന്ത്രമാക്കപ്പെടുകയും വേണം. സ്ഥലത്തിന്റെ അവകാശി ദൈവമാണെന്നും മനുഷ്യർ കുടിയാന്മാരാണെന്നുമുള്ള അടിസ്ഥാന ചിന്തയിലധിഷ്ഠിതമാണ് ഈ നിയമം. അങ്ങനെ ദരിദ്രരായിത്തീർന്നവർക്ക് സ്വതന്ത്രമായി ജീവിക്കാൻ മറ്റൊരവസരം കൂടി ലഭ്യമാകും. തുല്യ അവകാശങ്ങളും തുല്യസാധ്യതകളും എല്ലാവർക്കും ഉറപ്പുവരുത്താനുള്ള നിയമമായിരുന്നു സാബത്തുവർഷനിയമം. കഠിനമായ ദാരിദ്രത്തിനും അളവില്ലാതെ സമ്പത്താർജിക്കുന്നത് അനുവദിക്കുന്നതിനുമെതിരേയുള്ള ദൈവിക നിയമമായിരുന്നു ഇത്. ജനാധിപത്യത്തിനോ, മുതലാളിത്ത

വ്യവസ്ഥക്കോ, സോഷ്യലിസത്തിനോ കഴിയാത്ത ഉൽകൃഷ്ഠമായ ദാരിദ്യനിർമാർജന നിയമമാണ ത്. ഉപാധികളില്ലാതെയും യുക്തിവിചാരം ചെയ്യാതെയും ദൈവജനം അതു പാലിക്കേണ്ടിയിരുന്നു.

ആധുനിക സോഷ്യലിസവുമായി ഈ ചിന്തക്ക് സമാനതകളുണ്ടെങ്കിലും മനുഷ്യഹൃദയത്തിന്റെ രൂപാന്തരീകരണമില്ലാത്ത സോഷ്യലിസം ഭയാനകമായ ഏകാധിപത്യത്തിലേക്കാണു നയിക്കുന്ന തെന്ന ചരിത്രം തെളിയിച്ചു കഴിഞ്ഞു. തന്നോടുള്ള അനുസരമത്തിന്റെ ഫലമായി ജനത്തിനിട യിൽനിന്നു ദാരിദ്രം നീക്കപ്പെടണമെന്ന് ദൈവം ആഗ്രഹിച്ചു. ഇതു ദൈവജനത്തിൽ ഓരോ വ്യക്തി യുടെയും സ്വാതന്ത്ര്യം ഉറപ്പുവരുത്തി. അതുപോലെതന്നെ ദൈവജനത്തിൽ നിന്നു പലിശ ഈടാ ക്കുന്നത് ജനത്തിനു നിഷിദ്ധമാണ്. അന്യജനതയിൽ നിന്നാകട്ടെ അവർക്കതു വാങ്ങുകയും ചെയ്യാം.

## നിയ 16 – തിരുനാളുകൾ

ഇസ്രായേലിന്റെ മത ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും പരസ്പരബന്ധിതവുമായ മൂന്നു തിരുനാളുകളെക്കുറിച്ചാണ് ഈ അധ്യായം പറയുന്നത്. ഈ തിരുനാളുകളുടെ അവസരത്തിൽ ജനം ദൈവത്തെ സന്ദർശിക്കേണ്ടിയിരുന്നു (16:16). ദൈവജനത്തെ സമൂഹമായി പടുത്തുയർത്താ നുള്ള അവസരങ്ങളായിരുന്നു തിരുനാളുകൾ.

**1)** പെസഹാ ആചരണം 16:1–9

പൗരാണികമായ നിയമങ്ങളുടെ അന്ധമായ അനുസരണത്തിൽനിന്നു മാറി മാനുഷികമായ നിയമം പഠിപ്പിക്കുന്ന നിയമാവർത്തന ഗ്രന്ഥകാരന്റെ ചിന്തകൾ ഏറ്റവുമധികം വ്യക്തമാകുന്നത് അദ്ദേഹം പെസഹാ ബലിയെക്കുറിച്ചു സംസാരിക്കുമ്പോഴാണ്. ഉൽപ-സംഖ്യ വിവരണമനുസരിച്ച് പെസഹാ ഒരു കുടുംബ ആഘോഷമാണ്. അതിന് അന്ധവിശ്വാസ സമാനമായ ഒരു ദർശനമാണുള്ളത്. മൃഗ ത്തിന്റെ രക്തം കട്ടിളപ്പടിയിൽ തളിച്ചാൽ ദൈവകോപം ഭവനത്തിൽ നിന്നകന്നു പോകുമെന്ന ചിന്ത യാണിത് (പുറ 12:7, 22). പെസഹാ ആചരിക്കുന്നവർ മൃഗത്തെ അതിന്റെ തലയും കാലുകളും ആന്തരാവയവങ്ങളുമടക്കം ചുട്ടെടുക്കണം (പുറ 12:11). എന്നാൽ ഇപ്രകാരമുള്ള മാന്ത്രിക ആശയ ങ്ങളൊന്നും നിയമാവർത്തനത്തിലില്ല. അദ്ദേഹം ഈ കുടുംബ ആഘോഷം ഭവനങ്ങളിൽ നിന്നു മാറ്റി ദേവാലയത്തിലെ മറ്റു ബലികളെപ്പോലെയാക്കിത്തീർത്തു. അങ്ങനെ അദ്ദേഹം അതിനെ ഒരു സാമൂഹിക ആഘോഷമാക്കി മാറ്റി.

മരുഭൂമി യാത്രയുടെ കാലത്തെ പഴയ സമൂഹത്തിലുണ്ടായിരുന്ന ഒരാഘോഷത്തെ മാറിയ സ്ഥല -സാഹചര്യങ്ങൾക്കനുസരിച്ചു രൂപാന്തരപ്പെടുത്തിക്കൊണ്ട് നിയമാവർത്തകൻ തന്റെ വ്യത്യസ്ത മായ ദൈവശാസ്ത്ര ദർശനം അവതരിപ്പിച്ചു. പഴയ നിയമമനുസരിച്ചു കോലാടുകളിൽ നിന്നോ ചെമ്മരിയാടുകളിൽനിന്നോ മാത്രമാണു പെസഹാ ആചരണത്തിനു മൃഗങ്ങളെ തിരഞ്ഞെടുക്കേണ്ടി യിരുന്നത്. മാത്രമല്ല അവയെ തീയിൽ ചുട്ടാണു ഭക്ഷിക്കേണ്ടിയിരുന്നത് (പുറ 12:1–10). എന്നാൽ പെസഹാ ബലിക്കുള്ള മൃഗങ്ങളെ ആടുമാടുകളിൽനിന്നു സ്വതന്ത്രമായി തെരഞ്ഞെടുക്കാനും അതിനെ ചുട്ടല്ലാതെ പാകം ചെയ്തു കഴിക്കാനും നവീകരിക്കപ്പെട്ട നിയമം അനുവദിച്ചു (നിയ 16:1 –9; കാണുക; പുറ 12:1–14). തിരുനാളിനോടനുബന്ധിച്ചു മൃഗങ്ങളെ ലഭ്യമാക്കുന്നതിനും നാഗരിക ജീവിതമാരംഭിച്ചു കഴിഞ്ഞ സമൂഹത്തിന്റെ നിലവാരത്തിനൊത്തും പെസഹാ ആചരണത്തെ നവീ കരിക്കാൻ ഈ പുതിയ നിയമങ്ങൾക്കു കഴിഞ്ഞു.

**2) പന്തക്കുസ്ത** 16:10–12

പെസഹായ്ക്ക് ഏഴ് ആഴ്ചകൾക്കുശേഷം (49 ദിവസം) വരുന്ന സാബത്തുദിനമാണു പന്തക്കു സ്ത. ഇതിനെയാണ് ആഴ്ചകളുടെ തിരുനാൾ എന്നു വിളിക്കുന്നത്. അത് വിളവെടുപ്പിന്റെയും (പുറ 23:16) ആദ്യ ഫലങ്ങളുടെയും (സംഖ്യ 28:26) തിരുനാളായിരുന്നു. പന്തക്കുസ്താ എന്നാൽ അമ്പതാമത്തെ (ദിവസം) എന്നാണർത്ഥം. ലഭിച്ച നന്മകൾക്കു ദൈവത്തിനു നന്ദി പറയുന്ന അവസര മായിരുന്നു അത്. ഈ ദിനമാണ് പുതിയ ദൈവജനത്തിനുമേൽ ആത്മാവിനെ വർഷിക്കാൻ ദൈവം തിരഞ്ഞെടുത്തത് (അപ്പ 2:1–4). കർത്താവിന്റെ ദൗത്യം ഫലമണിഞ്ഞ പെസഹായ്ക്കുശേഷം സഭ യുടെ പ്രവൃത്തിഫലമണിഞ്ഞ ആദ്യദിനമാണത്.

3) കൂടാരത്തിരുനാൾ 16:13-17

ഇത് എല്ലാവരും സന്തോഷിക്കേണ്ട ദിനമാണ്. ഏഴു ദിവസം നീണ്ടു നില്ക്കുന്ന ആഘോഷം നടക്കേണ്ടത് ദൈവസന്നിധിയിലാണ്. അതിനായി തീർത്ഥാടനം ആവശ്യമാണ്. അനുഗ്രഹം ലഭിക്കാൻ കഴിവനുസരിച്ചുള്ള കാഴ്ചകളുമായി ദൈവജനം കർത്തൃസന്നിധിയിലേക്കു തീർത്ഥാടനം നടത്തുകയും ദൈവസന്നിധിയിൽ സന്തോഷിക്കുകയും വേണം.

നീതിപാലനം 16:18-22

ഇസ്രായേലിലെ എല്ലാ പട്ടണങ്ങളിലും ദൈവഹിതമനുസരിച്ചുമാത്രം വിധി നടത്തുന്ന ന്യായാധിപന്മാരുണ്ടായിരിക്കണമെന്നു കല്പനയോടെ അധ്യായം അവസാനിക്കുന്നു. ദൈവഹിതമനുസരിച്ചുള്ള വിധിതീർപ്പിന് വിഗ്രഹാരാധന വലിയ തടസ്സം സൃഷ്ടിക്കും. അതിനാലാണ് അവിടെയെങ്ങും അഷേറാ പ്രതിഷ്ഠയും സ്തംഭങ്ങളും നിരോധിക്കപ്പെട്ടത്. അന്യദേവന്മാരുടെ ഹിതം തേടടുന്നവർക്കു ദൈവികനീതി നടപ്പാക്കാൻ കഴിയില്ല.

## നിയ 17-18

നിയ 17-18 അധ്യായങ്ങളിൽ വിഗ്രഹാരാധകർക്കെതിരെയുള്ള വിധിയും രാജ്യത്തെ അതിപ്രധാന നേതാക്കളായ രാജാവ്, പുരോഹിതൻ, പ്രവാചകൻ എന്നിവരെക്കുറിച്ചുള്ള നിയമങ്ങളുമാണു നല്കപ്പെട്ടിരിക്കുന്നത്. തന്റെ ജീവിതരീതിയിൽ രാജാവോ (17:15-17) ബലിയർപ്പണരീതികളിൽ പുരോഹിതരോ (18:9-10) തന്റെ ദൗത്യനിർവഹണരീതിയിൽ പ്രവാചകനോ (18:20-22) വിഗ്രഹാരാധകനാകരുത്. വിഗ്രഹാരാധന നടത്തുന്നവർക്കും ദൈവകല്പന ലംഘിക്കുന്നവർക്കും വധശിക്ഷയാണു കല്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ നിഷ്കളങ്കൻ സംരക്ഷിക്കപ്പെടണമെന്നു ദൈവത്തിനു നിർബന്ധമുണ്ട്. ഒരാൾക്ക് തന്റെ അയൽക്കാരനോട് അസൂയതോന്നി ന്യായാധിന്മാരുടെ മുമ്പിൽ അയാളെ കുറ്റമാരോപിച്ചാൽ അതിന്റെ പേരിൽമാത്രം അയാൾ ശിക്ഷിക്കപ്പെട്ടുകൂടാ. കുറ്റം തെളിയിക്കാൻ രണ്ടോ അതിലധികമോ സാക്ഷികളുടെ സാക്ഷ്യം ആവശ്യമാണ്. ദൈവികഭരണം നിലനില്ക്കുന്ന രാജ്യമായതിനാൽ സംശയമുള്ള കാര്യങ്ങളിൽ വിധി ദൈവം അവരുടെമേൽ നിയോഗിച്ച പുരോഹിതന്റെയും രാജാവിന്റെയും വിവേചനമനുസരിച്ചായിരിക്കണം.

രാജാവിനെക്കുറിച്ചു നിയമം

ദൈവം താത്പര്യമെടുത്തു നല്കിയതല്ല ഇസ്രായേലിലെ രാജത്വം; അത് ജനത്തിന്റെ ആഗ്രഹപ്രകാരം അവർക്കുനല്കപ്പെട്ടതാണ്. അതിനാൽ രാജാവിനെ തിരഞ്ഞെടുക്കുമ്പോൾ അവർ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം: (1) കർത്താവു നിശ്ചയിക്കുന്ന ആളെ അവർ തിരഞ്ഞെടുക്കണം (2) ജനം ഒന്നടങ്കം ആ തിരഞ്ഞെടുപ്പു നടത്തണം; (3) തിരഞ്ഞെടുക്കപ്പെടുന്നയാൾ ഇസ്രായേൽക്കാരനായിരിക്കുകയുംവേണം. അതോടൊപ്പംതന്നെ രാജാവാകുന്ന വ്യക്തി പാലിക്കേണ്ട അഞ്ചു കല്പനകളും നല്കപ്പെട്ടിരിക്കുന്നു: (1) അയാൾ കുതിരകളുടെ എണ്ണം (സൈനികശക്തി) വർധിപ്പിക്കരുത് പകരം കർത്താവിലാണ് ആശ്രയിക്കേണ്ടത്; (2) അയാൾക്ക് അനേകം ഭാര്യമാരുണ്ടായിരിക്കരുത്: അങ്ങനെയുണ്ടായാൽ അയാൾ വിഗ്രഹാരാധകനായി മാറും; (3) അയാൾ തനിക്കുവേണ്ടി അമിതമായി സ്വത്തു സമ്പാദിക്കരുത്; (4) തന്റെ സഹോദരങ്ങളെക്കാൾ വലിയവനാണെന്നയാൾ സ്വയം ഭാവിക്കരുത്; അയാൾ അവരുടെ സേവകനാണ്; (5) ദൈവത്തിന്റെ ഉടമ്പടി പുസ്തകത്തിന്റെ പകർപ്പ് അയാൾ എഴുതി സൂക്ഷിക്കുകയും എല്ലാ ദിവസവും അതു വായിക്കുകയും ചെയ്യണം. അങ്ങനെ അയാൾക്ക് കർത്താവിനെ ഭയപ്പെടാനും അവിടത്തെ പ്രമാണങ്ങളെല്ലാം പാലിക്കാനും കഴിയും.

### പുരോഹിതരുടെയും ലേവ്യരുടെയും ഓഹരി 18:1-8

പുരോഹിതർക്കും ലേവ്യർക്കും മറ്റു ഗോത്രങ്ങളെപ്പോലെ വാഗ്ദത്തദേശത്ത് ഓഹരി ഉണ്ടായിരിക്കുകയില്ല. ദൈവമാണ് അവരുടെ ഓഹരി. ജീവസന്ധാരണത്തിനായി അവരുടെ ശുശ്രൂഷയിൽനിന്നാണ് അവർക്ക് ഓഹരി ലഭിക്കേണ്ടത്.

**പ്രവാചകദൗത്യം 18:9-22**

അന്യജനതകളെപ്പോലെ ഇസ്രായേലിൽ മന്ത്രവാദികളോ, പ്രശ്നക്കാരോ, ആഭിചാരകരോ, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട മറ്റു വ്യക്തികളോ ഉണ്ടായിരിക്കരുത്. കർത്താവിനുമുമ്പിൽ കുറ്റമറ്റവനായിരിക്കുകയെന്നാൽ അവിടത്തോടു പൂർണ വിശ്വസ്ത പാലിച്ചുകൊണ്ട് അനുസരണമുള്ളവനായിരിക്കുക എന്നാണർഥം. ഭാവിയറിയാനാണു ജനം മന്ത്രവാദികളെയും മറ്റും ആശ്രയിക്കുന്നത്. എന്നാൽ ജനത്തെ ദൈവഹിതമറിയിക്കാൻ ദൈവം തന്നെ അവർക്ക് പ്രവാചകന്മാരെ നല്കും; അവരെ മാത്രമേ ദൈവജനം ശ്രവിക്കാവൂ. ദൈവം ജനത്തിനു മോശയെപ്പോലൊരു പ്രവാചകനെ നല്കും എന്നു പറയുന്നതിൽനിന്ന് അഞ്ചു കാര്യങ്ങൾ വ്യക്തമാണ്: (1) ദൈവഹിതം ജനത്തെ അറിയിച്ച മോശയെപ്പോലെ കാലാകാലങ്ങളിൽ ഇസ്രായേലിൽ ദൈവഹിതമറിയിക്കുന്ന പ്രവാചന്മാർ ഉണ്ടായിരിക്കും. (2) അവർ ജനത്തിനിടയിൽ നിന്നുതന്നെ കർത്താവ് ഉയർത്തുന്നവരായിരിക്കും. (3) കർത്താവ് തന്റെ വചനങ്ങൾ തന്റെ പ്രവാചകന്റെ നാവിൽ വച്ചുകൊടുക്കും. (4) കർത്താവു കല്പിക്കുന്നതെല്ലാം അയാൾ ജനത്തോടുപറയും. (5) ആ പ്രവാചകന്റെ സ്വരം ശ്രവിക്കാത്തവരെ കർത്താവു ശിക്ഷിക്കുകയും ചെയ്യും. അതോടൊപ്പം തന്നെ വിഗ്രഹാരാധകരായ വ്യാജപ്രവാചകന്മാരെ തിരിച്ചറിയാനുള്ള മാനദണ്ഡവും കർത്താവുതന്നെ നല്കുന്നുണ്ട് (18:22). വിഗ്രഹാരാധകരായ പ്രവാചകന്മാർ വധിക്കപ്പെടണമെന്നതാണു നിയമം. കാരണം അവർ ജനത്തെ വഴിതെറ്റിക്കുകയും കർത്താവിൽ നിന്നകറ്റുകയും ചെയ്യുന്നു.

## നിയ 19: കൊലപാതകികളെയും സാക്ഷികളെയും സംബന്ധിച്ച്

കൊലപാതകികളെയും സാക്ഷികളെയും സംബന്ധിക്കുന്ന നിയമങ്ങളാണീ ഭാഗത്തുള്ളത്. മനഃപൂർവമല്ലാതെ അബദ്ധവശാൽ ഒരുവൻ ആരെയെങ്കിലും വധിക്കാനിടയായാൽ രക്തത്തിനു പ്രതികാരം ചെയ്യേണ്ട ബന്ധു, അവനുപിന്നാലെ ഓടിവന്ന് നിഷ്കളങ്ക രക്തം ചിന്താതിരിക്കേണ്ടതിന് രാജ്യത്തിന്റെ വ്യത്യസ്തഭാഗങ്ങളിലായി മൂന്നു പട്ടണങ്ങൾ അഭയനഗരങ്ങളായി നീക്കിവയ്ക്കണം (സംഖ്യ 35:19-20). നിരപരാധിക്ക് തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം ലഭിക്കുന്നതിനുമുള്ള നിയമസംവിധാനമായിരുന്നു ഇത് (പുറ 21:12-14; നിയ 9:41-43; 19:1-13; ജോഷ്വ 20:1-9). എന്നാൽ മനഃപൂർവം കൊല നടത്തിയ ഘാതകന് ജീവിക്കാൻ അവകാശമില്ല. അവനെ പ്രതികാരത്തിന് ഏല്പിച്ചുകൊടുക്കേണ്ടതു പട്ടണ ശ്രേഷ്ഠന്മാർ തന്നെയാണ്. തിന്മയെ ചെറുക്കാനും നിഷ്കളങ്കരെ സംരക്ഷിക്കാനുമുള്ള നിയമ സംവിധാനമാണിത്. അതോടൊപ്പംതന്നെ ഒരാളുടെ കുറ്റം സമൂഹത്തെ മുഴുവനും ബാധിക്കുമെന്നും അതു തിരുത്തേണ്ടതു സമൂഹത്തിന്റെ മുഴുവനും ഉത്തരവാദിത്വമാണെന്നും ഈ നിയമങ്ങൾ വ്യക്തമാക്കുന്നുണ്ട്.

ദേശത്തിന്റെ അവകാശം ദൈവം നല്കുന്നതാകയാൽ ആരും അതിർത്തിക്കല്ലു മാറ്റിക്കളയരുത് (19:19). ദൈവികനിയമത്തിനെതിരേ പ്രവർത്തിക്കുന്നവർ ശിക്ഷിക്കപ്പെടണം. ന്യായപൂർവമായ വിധി സാധ്യമാകുന്നത് സാക്ഷികളുടെ സാക്ഷ്യത്തിലൂടെയാണ്. അതുകൊണ്ടുതന്നെ സാക്ഷ്യം കുറ്റമറ്റതായിരിക്കണം. ആരെങ്കിലും ഒരാൾക്കെതിരേ വ്യാജാരോപണം നടത്തിയെന്നു തെളിഞ്ഞാൽ ആരോപിതനു ലഭിക്കാമായിരുന്ന ശിക്ഷ കള്ളസാക്ഷിയുടെമേൽ നടപ്പാക്കണം. അവനോടു കാരുണ്യം കാണിക്കേണ്ടതില്ല. കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്, എന്നതാണു നിയമം. കണ്ണിനുപകരം കണ്ണു മാത്രമേ എടുക്കാവൂ എന്നതു തുല്യനീതിയുടെ സ്വരമാണ്.

## നിയ 20: യുദ്ധം

അസ്സീറിയ, ബാബിലോൺ മുതലായ വലിയ സാമ്രാജ്യശക്തികൾ അതിക്രൂരമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന കാലഘട്ടത്തിൽ അവരിൽനിന്നു വളരെ വ്യത്യസ്തമായ ഇസ്രായേലിന്റെ മാനുഷികമായ യുദ്ധനിയമങ്ങളാണ് ഈ ഭാഗത്തുള്ളത്. യുദ്ധത്തിന്റെ അവസരത്തിൽ ദൈവജനം ആശ്രയിക്കേണ്ടതു തങ്ങളുടെ ശക്തിയെക്കാൾ ദൈവശക്തിയെയാണ്. കാരണം ഈജിപ്തിൽ വച്ച് അത്ഭുതകരമായി ഇസ്രായേലിനുവേണ്ടി ഇടപെട്ട് ശക്തനായ ഫറവോയുടെ കയ്യിൽനിന്ന് അവരെ രക്ഷിച്ച ദൈവമായ കർത്താവാണ് യുദ്ധത്തിൽ അവരെ നയിക്കുന്നത്. യുദ്ധാരംഭത്തിൽ കർത്താവിന്റെ പുരോഹിതൻ ഇക്കാര്യം അവരെ അനുസ്മരിപ്പിക്കണം. യുദ്ധകാലത്തുപോലും വ്യക്തിക

ളുടെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കപ്പെടണമെന്ന മനുഷ്യത്വപരമായ ദർശനം അവതരിപ്പിച്ചുകൊണ്ട് വീടുപണിതിട്ട് അതിന്റെ പ്രതിഷ്ഠ നടത്തി അതിൽ വസിക്കാത്തവനെയും വിവാഹവാഗ്ദാനം നടത്തിയശേഷം അതു നിറവേറ്റാൻ അവസരം ലഭിക്കാത്തവനെയും മുന്തിരി നട്ടുപിടിപ്പിച്ചിട്ട് അത് ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ലാത്തവനെയും ഭയന്നിരിക്കുന്നവനെയുമെല്ലാം തിരിച്ചയക്കാനാണു നിയമം പറയുന്നത്. സംഖ്യാബലം കുറയുന്നതോർത്ത് അവർക്ക് ആശങ്കയുണ്ടാകേണ്ട കാര്യമില്ല. കാരണം അവരുടെ യുദ്ധം നയിക്കുന്നതു ശക്തനായ കർത്താവുതന്നെയാണ്.

ഇസ്രായേൽ യുദ്ധം ചെയ്യുന്ന പട്ടണങ്ങൾ കാനാനിലോ മറ്റു നാടുകളിലോ എന്നതനുസരിച്ച് ശത്രുവിനുമേൽ നടപ്പാക്കേണ്ട രണ്ടുതരം നിയമങ്ങളുണ്ടായിരുന്നു (20:10-18). പട്ടണങ്ങൾ കാനാൻ ദേശത്തിനു പുറത്താണെങ്കിൽ സമാധാനസന്ധിചെയ്യാൻ അവർക്ക് അവസരം നല്കണം. സന്ധിക്കു തയ്യാറാണെങ്കിൽ അവരെ അടിമകളാക്കാം. തയ്യാറല്ലെങ്കിൽ അവർക്കതിരേ യുദ്ധം ചെയ്ത് കീഴടക്കിയശേഷം അതിലെ പുരുഷന്മാരെയെല്ലാം വധിക്കണം. ബാക്കിയുള്ളവ (സ്ത്രീകളും കുട്ടികളും വസ്തുവകകളും) അവർക്ക് കൊള്ള മുതലായി എടുക്കാം. ഗർഭിണികളുടെ ഉദരം പിളർക്കുക, കുഞ്ഞുങ്ങളെ നിലത്തടിച്ചും അമ്മമാരുടെ കഴുത്തിൽ തൂക്കിയും കൊല്ലുക തുടങ്ങിയ ക്രൂരതകൾ നിലനിന്നിരുന്ന പശ്ചാത്തലത്തിലാണ് കൂടുതൽ മാനുഷികമായ ഈ നിയമങ്ങളെ വിലയിരുത്തേണ്ടത്.

എന്നാൽ കാനാൻ ദേശത്തുള്ള പട്ടണങ്ങൾക്കെതിരേ യുദ്ധം ചെയ്യുമ്പോൾ ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല. അവയിലുള്ളവർ മുഴുവൻ നശിപ്പിക്കപ്പെടണം. അങ്ങനെ ചെയ്തില്ലെങ്കിൽ അത് സാവധാനം ഇസ്രായേലിനെ വിഗ്രഹാരാധനയിൽ കൊണ്ടെത്തിക്കും.

യുദ്ധകാലത്ത് യന്ത്രമുട്ടിയും യുദ്ധോപകരണങ്ങളുമുണ്ടാക്കാനും മറ്റുമായി മനുഷ്യന് ഉപയോഗപ്രദമായ ഫലവൃക്ഷങ്ങൾ വെട്ടി നശിപ്പിക്കരുത് എന്നതും നിയമാവർത്തന നിയമത്തിന്റെ മാനുഷികമായ ഭാവങ്ങളിൽപ്പെട്ടതാണ്.

## നിയ 21: ബലി 21:1-9

നിയമാവർത്തനഗ്രന്ഥത്തിന്റെ ദർശനമനുസരിച്ച് ബലിയർപ്പിക്കുക എന്നതു യാന്ത്രികമായ ഒരു അനുഷ്ഠാനമാകരുത്. ഉന്നതനായ ദൈവത്തിനു ബലിയുടെ പരിമളത്തിന്റെ ആവശ്യമില്ല എന്നതാണു കാഴ്ചപ്പാട്. ദൈവത്തിനു ഭക്ഷണവും ആവശ്യമില്ല. ഇതിനു മുമ്പുള്ള ഗ്രന്ഥങ്ങളിൽ ദൈവത്തിന്റെ ഭക്ഷണത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്: ''ദൈവത്തിൻെറ മുൻപിൽ അവർ വിശുദ്ധരായിരിക്കണം. ദൈവത്തിൻെറ നാമം അശുദ്ധമാക്കരുത്. അവരാണ് ദൈവമായ കർത്താവിനു ദഹനബലികളും ഭോജന ബലികളും അർപ്പിക്കുന്നത്. അതുകൊണ്ട് അവർ വിശുദ്ധരായിരിക്കണം (ലേവ്യ 21:6; കാണുക 1:9, 13, 17; 21:8, 17, 21). ഇസ്രായേലിലെ ബലികളും ആരാധനയും ജറുസലെമിൽ മാത്രമായി ചുരുക്കിയ ഗ്രന്ഥകാരൻ ദൈവത്തിന് അനുദിന ഭക്ഷണമെന്നതുപോലെ അർപ്പിക്കേണ്ട ബലികളെയും കാഴ്ചകളെയും  കുറിച്ച് ഒന്നും തന്നെ പറയുന്നില്ലന്നത് ശ്രദ്ധേയമാണ്.

അറിയാതെ ചെയ്തുപോകുന്ന പാപങ്ങൾക്കുവേണ്ടിയുള്ള പരിഹാരബലികളെക്കുറിച്ചോ, നൈയാമികമായ അശുദ്ധിയെക്കുറിച്ചോ, ശുദ്ധീകരണത്തെക്കുറിച്ചോ, മോഷണത്തെക്കുറിച്ചോ, ചതിയെക്കുറിച്ചോ ഒന്നും ഇവിടെ ചർച്ച ചെയ്യുന്നില്ല (കാണുക ലേവ്യ 4-5). നിയമാവർത്തകന്റെ വീക്ഷണമനുസരിച്ചു ബലികളല്ല മറിച്ച് ആത്മീയ ശുദ്ധീകരണവും അനുതാപവും കുറ്റം ഏറ്റുപറയുന്നതും പ്രാർത്ഥനയുമാണ് ഒരുവന്റെ പാപങ്ങൾ മോചിക്കുന്നത്.

ഘാതകരെക്കുറിച്ച് അറിവില്ലാത്തപ്പോൾ ദേശവാസികൾ അനുഷ്ഠിക്കേണ്ട കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ മാത്രമാണു നിയമാവർത്തന ഗ്രന്ഥകാരൻ പാപപ്പരിഹാര ബലിക്കു സമാനമായ ഒരു കർമ്മത്തെക്കുറിച്ചു പറയുന്നത് (നിയ 21:1-9). എന്നാൽ ഈ വിവരണത്തിലൂടെ തന്നെയാണ് അദ്ദേഹം ബലികളെക്കുറിച്ചുള്ള തന്റെ പ്രത്യേക ദർശനം വെളിവാക്കുന്നത്: ഇവിടെ നടത്തപ്പെടുന്ന ബലിയിൽ മൃഗത്തെ ക്രമമനുസരിച്ചു കൊല്ലുകയോ അതിന്റെ രക്തം വിശുദ്ധ സ്ഥലത്തു തളിക്കുകയോ ചെയ്യുന്നില്ല. മറിച്ച് ഒരിക്കലും കൃഷി ചെയ്തിട്ടില്ലാത്ത ഒരു സ്ഥലത്ത് ഒരിക്കലും പണിയെടുപ്പിച്ചിട്ടില്ലാത്ത ഒരു പശുക്കുട്ടിയെ കൊണ്ടുവന്ന് അതിന്റെ കഴുത്തൊടിക്കുകയാണു ചെയ്യുന്നത്. ഈ കർമ്മത്തിന്റെ അവസരത്തിൽ പുരോഹിതർ സന്നിഹിതരാണെങ്കിലും മൃഗത്തിന്റെ

കഴുത്തൊടിക്കുന്നതു പട്ടണത്തിലെ ശ്രേഷ്ഠന്മാരും ന്യായാധിപന്മാരുമാണ്. പുരോഹിതർ അവിടെ സന്നിഹിതരായിരിക്കുകയും കർമ്മങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടെന്നതു ശ്രദ്ധേയം.

ഈ കർമ്മത്തിനു പ്രതീകാത്മകമായ ഒരർത്ഥമാണുള്ളത്. പശുക്കിടാവിന്റെ കഴുത്തൊടിക്കപ്പെടുന്നതു കുറ്റകൃത്യം നടന്ന സ്ഥലത്താണ്; അവിടെവച്ചു സമൂഹ നേതാക്കൾ കൈ കഴുകുന്നത് അവരുടെ നിഷ്കളങ്കത ഏറ്റുപറയാനാണ് (സങ്കീ 24:4; 26:6-10; 73:13). പാപപ്പരിഹാര ദിനത്തിൽ നിന്നു വ്യത്യസ്തമായി ഇവിടെ ജനത്തിന്റെ പാപം മൃഗത്തിനുമേൽ കൈവയ്പിലൂടെ ആരോപിക്കപ്പെടുന്നില്ല (ലേവ്യ 16:21). കാരണം അതിനെ അർപ്പിക്കുന്നത് പാപത്തിനു പരിഹാരമായിട്ടല്ല. പാപത്തിനു പരിഹാരമുണ്ടാകുന്നത് കർമ്മത്തിന്റെ അന്ത്യത്തിലെ പാപത്തിന്റെ ഏറ്റുപറച്ചിലും പ്രാർത്ഥനയും വഴിയാണ് (നിയ 21:7-8).

ലേവ്യ 14:53 ലെതുപോലെ ഈ കർമ്മത്തിലും പുരോഹിതൻ അശുദ്ധി നീക്കം ചെയ്യുകയോ തിന്മയെ മരുഭൂമിയിലേയ്ക്ക് മാറ്റുകയോ ചെയ്യുന്നില്ല (ലേവ്യ 16:22). ദൈവം പാപം ക്ഷമിക്കുകയാണു ചെയ്യുന്നത്. അതിനു പുരോഹിതന്റെ മാദ്ധ്യസ്ഥ്യം ആവശ്യമില്ല. തങ്ങളോടു ക്ഷമിക്കണമെന്നു പാപങ്ങളേറ്റുപറഞ്ഞു ദൈവത്തോടു പ്രാർത്ഥിക്കുന്നത് സമൂഹത്തിലെ ശ്രേഷ്ഠന്മാരാണ്.

നിയമാവർത്തന ചിന്തയനുസരിച്ച് അർപ്പകനും സമൂഹത്തിലെ പാവപ്പെട്ടവർക്കും ലേവ്യർക്കും പരദേശിക്കും വിധവകൾക്കും അനാഥർക്കുമുള്ള ഭക്ഷണമാണു ബലികൾ. ഇസ്രായേൽ സമൂഹത്തിലെ ഏറ്റവും ദരിദ്രരായ ജനത്തെ സംരക്ഷിക്കാനുള്ള ഒരു മാധ്യമം മാത്രമാണു ബലിയർപ്പണം. സന്തോഷകരമായ തിരുനാളുകൾ പങ്കുവയ്ക്കലിന്റെ തിരുനാളുകളായി മാറണം കാരണം: ''... നീയും നിൻെറ മകനും മകളും ദാസനും ദാസിയും നിൻെറ പട്ടണത്തിലുള്ള ലേവ്യനും പരദേശിയും അനാഥനും വിധവയും സന്തോഷിക്കണം. നിൻെറ ദൈവമായ കർത്താവ് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് അവിടുത്തേക്ക് ഏഴുദിവസം തിരുനാൾ ആഘോഷിക്കണം. നിൻെറ എല്ലാ വിളവുകളും പ്രയത്നങ്ങളും നിൻെറ ദൈവമായ കർത്താവ് അനുഗ്രഹിക്കും; നീ സന്തോഷപൂരിതനാവുകയും ചെയ്യും.''

ആണ്ടിൽ മൂന്നു പ്രാവശ്യം (പുളിപ്പില്ലാത്ത അപ്പത്തിൻെറ തിരുനാളിലും ആഴ്ചകളുടെ തിരുനാളിലും കൂടാരത്തിരുനാളിലും) നിൻെറ ദൈവമായ കർത്താവ് തിരഞ്ഞെടുക്കുന്ന സ്ഥലത്തു പുരുഷൻമാരെല്ലാവരും സമ്മേളിക്കണം. അവർ കർത്താവിൻെറ മുൻപിൽ വെറുംകൈയോടെ വരരുത്. നിൻെറ ദൈവമായ കർത്താവു നിങ്ങൾക്കു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്കൊത്തവിധം ഓരോരുത്തരും കഴിവനുസരിച്ചു കാഴ്ചകൾ സമർപ്പിക്കണം'' (16:16-17).

നിയമാവർത്തന ദൈവശാസ്ത്ര ചിന്തയനുസരിച്ച് ബലിയർപ്പണം വ്യക്തിപരമായ ഒരു കാര്യമാണ്: അത് വെറും ഒരു സാമൂഹ്യ ആചാരമല്ല. അതിനു രണ്ടു ലക്ഷ്യങ്ങളാണുള്ളത്. 1) *മാനുഷികം*: അതായത് പാവപ്പെട്ടവനുമായി ഒരുവനുള്ളതു പങ്കുവയ്ക്കുവാനുള്ള അവസരമാണത് (26:11-15). 2) *ഭക്തി*: അതായത്, നേർച്ച കാഴ്ചകളിലൂടെ ദൈവത്തോട് ഒരുവനുള്ള ഭക്തി പ്രകടിപ്പിക്കാനുള്ള വേദിയാണത് (12:6, 11, 17, 26; 23:22-24). നിയമാവർത്തന ചിന്തയനുസരിച്ചു ദൈവം അരൂപിയാണ്. അതുകൊണ്ടുതന്നെ അവിടുത്തെ പ്രതിനിധാനം ചെയ്യുന്ന വിഗ്രഹങ്ങൾ ഉണ്ടാക്കാൻ പാടുള്ളതല്ല. അരൂപിയായ ദൈവത്തിനു മനുഷ്യന്റെ ഭൗതികമായ ബലിഭക്ഷണം ആവശ്യമില്ല; മനുഷ്യനു ദൈവത്തോടുള്ള തന്റെ ഭക്തി പ്രകടിപ്പിക്കാനുള്ള ഒരു വഴി മാത്രമാണു ബലി.

വിവാഹം 21:10-14

20-ാം അധ്യായത്തിലെ യുദ്ധനിയമങ്ങളോടു ചേർന്നു പോകുന്ന നിയമമാണിത്. കാനാൻ ദേശത്തുള്ള വിജാതീയ സ്ത്രീകളെ വിവാഹം ചെയ്യാൻ ഇസ്രായേലിനവകാശമില്ല. കാരണം അതു വിഗ്രഹാരാധനക്കു കാരണമാകും. എന്നാൽ അന്യ സ്ഥലങ്ങളിൽനിന്ന് അടിമകളാക്കിക്കൊണ്ടുവരുന്നവരെ അവർക്കു വിവാഹം ചെയ്യാം. അങ്ങനെ ചെയ്താൽ അവരുടെ വ്യക്തിത്വത്തെ അവർ മാനിക്കണം. യുദ്ധത്തിൽ നഷ്ടപ്പെട്ട തന്റെ ജനത്തെക്കുറിച്ച് വിലപിക്കാൻ സ്ത്രീക്ക് അവസരം ലഭിക്കണം. അതിനുശേഷം അടിമത്തത്തിന്റെ വസ്ത്രം മാറ്റുന്നത് അവൾ സ്വതന്ത്രയായി എന്നു സൂചിപ്പിക്കുന്നു. വിവാഹശേഷം അവൾ പൂർണമായും ദൈവജനത്തിന്റെ ഭാഗമായിത്തീരുന്നു. പിന്നീട് ഒരിക്കലും അവൾ അടിമയായിക്കൂടാ. ഇസ്രായേലിൽ ബഹുഭാര്യത്വവും വിവാഹമോചനവും നിലവിലിരുന്ന കാലത്ത് സാധ്യമായ നീതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള നിയമമാണിത്.

ആദ്യജാതന്റെ അവകാശം (21:15-17)

ബഹുഭാര്യത്വ നിലവിലിരുന്ന കാലത്ത് നീതിയുറപ്പാക്കിയിരുന്ന മറ്റൊരു നിയമമാണിത്. ആദ്യജാതന് മറ്റു മക്കളെക്കാൾ ഇരട്ടി ഭാഗത്തിനവകാശമുണ്ടായിരുന്നു. പിതാവിന്റെ ഇഷ്ടാനിഷ്ട ങ്ങൾ ഈ അവകാശത്തെ തകർക്കാൻ പാടില്ല.

ധിക്കാരിയായ മകൻ (21:18-21)

ദൈവികനിയമമായ നാലാം പ്രമാണം പാലിക്കപ്പെടുന്നു എന്നുറപ്പാക്കുകയും കുടുംബത്തിന്റെ നിലനില്പ് ഉറപ്പിക്കുകയും ചെയ്യുന്ന നിയമമാണിത്. മാതാപിതാക്കൾ ഒരുമിച്ച് കുറ്റാരോപണം നട ത്തുന്നത് മകന്റെ അനുസരണക്കേടിന്റെ കാഠിന്യം വ്യക്തമാക്കുന്നു. കുറ്റം വ്യക്തമായി തെളിയിക്ക പ്പെട്ടാൽ കഠിനമായ ശിക്ഷ നല്കപ്പെടണം.

തൂക്കപ്പെട്ട മൃതശരീരം

കുറ്റവാളിയെ പരസ്യമായി മരത്തിൽ തൂക്കിക്കൊല്ലുന്നത് ഇത്തരത്തിലുള്ള തിന്മയിൽനിന്നു മറ്റു ള്ളവരെ പിൻതിരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. കുറ്റവാളികൾ മരത്തിൽ തൂക്കപ്പെടാറുണ്ടായി രുന്ന ഇക്കാലത്ത് അവരുടെ മൃതശരീരങ്ങൾ അപ്രകാരം ഉപേക്ഷിക്കപ്പെടാറുണ്ടായിരുന്നു. മൃതരെ ക്കുറിച്ചുള്ള ആദരവെന്നതിനെക്കാൾ മൃതശരീരം നാടിനെ അശുദ്ധമാക്കും എന്ന ചിന്തയാണ് ''രാത്രി മുഴുവൻ മൃതശരീരം മരത്തിൽ തൂങ്ങിക്കിടക്കരുത്'' എന്ന നിയമത്തിലുള്ളത്. ക്രിസ്തു വിന്റെ മരണത്തെ കുറിച്ചു പറയുമ്പോൾ ''മരത്തിൽ തൂക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാണ്'' (നിയ 21:23) എന്ന ഈ നിയമം വി. പൗലോസ് അനുസ്മരിക്കുന്നുണ്ട് (ഗലാ 3,13).

വിഗ്രഹാരാധന തുടച്ചുനീക്കുക, സമാധാന പൂർണമായ ഒരു സമൂഹം കെട്ടിപ്പടുക്കുക, മാനുഷി കത നിറഞ്ഞ സാമൂഹ്യസാഹചര്യം നിലനിർത്തുക, ശത്രുക്കളുടെ മുമ്പിൽ തകർന്നുപോകാത്ത ഒരു സമൂഹമാക്കി അവരെ മാറ്റുക, എല്ലാവർക്കും തുല്യനീതിയും അവസരങ്ങളും നല്കുക എന്നി ങ്ങനെ മാനുഷികമായ മുഖമുള്ളതും ഉത്പത്തി-സംഖ്യാ ഗ്രന്ഥങ്ങളെക്കാൾ നവീകൃതവുമായ നിയ മങ്ങളാണ് നിയമാവർത്തനഗ്രന്ഥം ഈ അധ്യായങ്ങളിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

...................................

*Prepared by*

*Dr. Antony Tharekadavil*